# ക്രൈസ്തവ വനിത



March - April 2020

A fundamental Christian bi-monthly publication of the women, by the women, for the family

2020
March - April

Volume XIII
Issue 2

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്ന ദൈവം | - | മേരി അഞ്ചൻ | 1 |
| ദർശനങ്ങളും പ്രതികരണങ്ങളും | - | ജെസി ബെൻസെൻ | 3 |
| സന്തുഷ്ടകുടുംബവും കുടുംബത്തിന്റെ ഭദ്രതയും | - | എൽസി ബേബി | 4 |
| മശീഹായെ കണ്ടവൾ | - | എൽസി തോമസ് | 7 |
| യേശുക്രിസ്തു സമാധാനദായകൻ | - | മോളിക്കുട്ടി ചാക്കോ | 9 |
| മായാത്ത വടുക്കൾ | - | ഡോ. കുഞ്ഞുമോൻ ചാക്കോ | 11 |
| നാം സംതൃപ്തരാണോ? | - | ജോർജ് ജോൺ | 14 |
| തബീഥാ | - | യോഹന്നാൻ എബ്രഹാം | 16 |
| ദൈവസഭയുടെ സാദൃശ്യങ്ങൾ | - | എം. എം. ആൻഡ്രൂസ് | 18 |
| നമ്മുടെ പൗരത്വമോ | - | ഡോ. ചാൾസ് ജോൺ | 20 |
| രണ്ടായിരത്തിലും | - | പാസ്റ്റർ എ. ജെ. ജോൺ | 23 |
| Quest -70 | - | | 24 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# പ്രാർത്ഥനയ്ക്കു ഉത്തരം നല്കുന്ന ദൈവം



**ദൈവ**മക്കളായ നാമെല്ലാവരും കാലാകാലങ്ങളിൽ പ്രാർത്ഥനയുടെ ഫലം അനുഭവിച്ച് അറിഞ്ഞിട്ടുള്ളവരാണ്. പ്രാർത്ഥന എന്ന ശൃംഖല ഒരു വിശ്വാസിയെ ദൈവവുമായി ബന്ധപ്പെടുത്തുന്നു. നാം പ്രതീക്ഷിക്കുന്നതിനപ്പുറമായി അത്ഭുതാവഹം പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്ന സന്ദർഭങ്ങളുമുണ്ട്. ചിലപ്പോൾ പെട്ടെന്നു മറുപടി ലഭിച്ചേക്കാം (അവർ വിളിക്കുന്നതിനു മുമ്പെ ഞാൻ ഉത്തരം അരുളും; അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ ഞാൻ കേൾക്കും യെശ. 65:24). മറ്റു ചിലപ്പോൾ മാസങ്ങളോ, വർഷങ്ങളോ കഴിഞ്ഞ ശേഷമായിരിക്കും ലഭിക്കുന്നത്. ആകയാലാണ്, മടുത്തുപോകാതെ പ്രാർത്ഥിപ്പിൻ എന്ന് നമ്മുടെ കർത്താവു നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

കഴിഞ്ഞദിവസം ഞാൻ വായിക്കാനിടയായ, ഹൃദയസ്പർശകമായ ഒരു സംഭവകഥ ഇവിടെ കുറിക്കുന്നു. ഡോക്ടർ അബ്രഹാം എന്ന പ്രശസ്ത ക്യാൻസർ രോഗവിദഗ്ധൻ അവാർഡു (Award) വാങ്ങുവാൻ തന്റെ നഗരത്തിൽ നിന്നും വളരെ ആകാംക്ഷാഭരിതനായി യാത്ര ചെയ്യുകയായിരുന്നു. രണ്ടു മണിക്കൂർ യാത്രാനന്തരം വിമാനത്തിനു സംഭവിച്ച സാങ്കേതികത്തകരാറുമൂലം, യാത്രയ്ക്കു തടസ്സമുണ്ടായി. അടുത്ത വിമാനം 10 മണിക്കൂറിനു ശേഷമേ ഉള്ളു എന്നറിഞ്ഞപ്പോൾ അദ്ദേഹം ഒരു കാർ വാടകയ്ക്കെടുത്ത് അതിവേഗം യാത്ര തുടർന്നു. കുറേദൂരം ചെന്നപ്പോൾ അതിശക്തമായ കാറ്റും മഴയുംമൂലം യാത്ര ദുർഘടമായി. വേറേവഴിയിൽ കൂടെ യാത്ര തുടർന്ന് അവസാനം ഒരു നിർജ്ജന പ്രദേശത്തെത്തി. അതികലശലായ ക്ഷീണവും, വിശപ്പും, നിരാശയും അദ്ദേഹത്തെ തളർത്തി. ശരണാർത്ഥം അല്പദൂരം നടന്നപ്പോൾ ഒരു ചെറിയ കുടിലിലെ വെളിച്ചം കാണാനിടയായി. കുടിലിന്റെ വാതിൽ തട്ടിയപ്പോൾ ഒരു സ്ത്രീ വാതിൽ തുറന്നു. തനിക്ക് ഒരു ഫോൺ സന്ദേശം തന്റെ ഭവനത്തിലേക്കു അയയ്ക്കുവാൻ അനുവാദം ചോദിച്ചു. ആ വീട്ടിൽ ഫോൺ ഉണ്ടായിരുന്നില്ല. എന്നാൽ കാലാവസ്ഥ മെച്ചമാകുന്നതുവരെ അവിടെ താമസിക്കാമെന്നു പറഞ്ഞ് അദ്ദേഹത്തെ ആ സ്ത്രീ വീട്ടിനുള്ളിലേക്കു ആഹ്വാനം ചെയ്തു, ഭക്ഷണവും പാനീയവും നല്കി.

അനന്തരം ആ സ്ത്രീ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു. ഇപ്പോൾ എന്റെ പ്രാർത്ഥനാ സമയമാണ്. താങ്കൾക്കു ഇഷ്ടമുണ്ടെങ്കിൽ എന്റെ കൂടെ പ്രാർത്ഥിക്കാൻ വരിക. അദ്ദേഹം വിസ്സമ്മതം പ്രകടിപ്പിച്ചു. സ്വന്തം കഴിവിലും, സാമർത്ഥ്യത്തിലും മാത്രം ആശ്രയിച്ചിരുന്ന അദ്ദേഹത്തിനു പ്രാർത്ഥനയിലും, ദൈവത്തിലും വിശ്വാസം തുലോം കുറവായിരുന്നു. അദ്ദേഹം വരാന്തയിലിരുന്ന് എന്താവശ്യത്തിനാണ് ആ സ്ത്രീ കൃത്യസമയത്ത് പ്രാർത്ഥിക്കുന്നതെന്നും, ഒരിക്കലെങ്കിലും ദൈവം അവരുടെ പ്രാർത്ഥനയ്ക്കു മറുപടി നല്കിയിട്ടുണ്ടോ എന്നും ചോദിക്കാനുള്ള ആകാംക്ഷ ഉണ്ടായി. തൊട്ടിലിൽ കിടന്നിരുന്ന പൈതലിന്റെ അടുത്തുചെന്ന് ആ കുഞ്ഞിനു വേണ്ടി പ്രാർത്ഥിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചു. അവളുടെ പ്രാർത്ഥന കഴിഞ്ഞപ്പോൾ അദ്ദേഹം ആ സ്ത്രീയോടു വിവരങ്ങൾ ആരാഞ്ഞു. ആ സ്ത്രീ ഇപ്രകാരം പറഞ്ഞു. എന്റെ പൈതൽ ക്യാൻസർ ബാധിച്ച് മരണത്തോളം എത്തിയിരിക്കയാണ്. ഇതിനെ ചികിത്സിക്കുന്ന ഡോക്ടർ തനിക്ക് ഇനി ഒന്നും ചെയ്യാൻ കഴിവില്ല, പക്ഷേ ഡോ. അബ്രഹാം എന്ന വിദഗ്ദ്ധ ഡോക്ടർക്കു മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ എന്നുപറഞ്ഞു. അദ്ദേഹത്തെ പോയി കാണുവാനുള്ള പണമോ സാഹചര്യമോ എനിക്കില്ല. എന്റെ ദൈവം എനിക്കുവഴി തുറക്കുമെന്ന്

വിശ്വസിച്ച് ഞാൻ സദാ പ്രാർത്ഥിക്കുകയാണ്. ഇതുവരെ ഉത്തരം ലഭിച്ചില്ലെങ്കിലും എന്റെ ദൈവം എന്നെ കൈവിടുകയില്ല എന്ന ഉറപ്പും, വിശ്വാസവും എനിക്കുണ്ട്.

ഇതു കേട്ടുകൊണ്ടിരുന്ന ഡോക്ടർ സ്തംഭിച്ച്, മൗനമായിരുന്നു പോയി. അദ്ദേഹത്തിന്റെ ഹൃദയം വിതുമ്പിക്കൊണ്ടിരുന്നു. എന്താണു പറയേണ്ടതെന്നറിയാതെ അല്പ നേരം വിഷമിക്കയുണ്ടായി. അനന്തരം ആ സ്ത്രീയോടു പറഞ്ഞു. നിന്റെ ദൈവം വിശ്വസ്തൻ. അവൻ നിന്റെ പ്രാർത്ഥനയ്ക്കു ഉത്തരം നല്കിയിരിക്കുന്നു. നീ പ്രതീക്ഷിക്കുന്ന ആ ഡോക്ടർ ഞാനാണ്. നിന്റെ ദൈവം ഏറ്റവും അത്ഭുതമാംവണ്ണം എന്നെ നിന്റെ അടുക്കലേക്കു അയച്ചിരിക്കുന്നു. തനിക്കു യാത്രാ മദ്ധ്യേ സംഭവിച്ച തടസ്സങ്ങളെക്കുറിച്ചും തന്റെ ബുദ്ധിയും, പണവും ഉപയോഗിച്ച് യാത്രയ്ക്കുവേണ്ടി വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചതും അവയെല്ലാം വിഫലമായതും അദ്ദേഹം സ്മരിച്ചു. ദൈവഹിതമല്ലാത്ത മാനുഷിക നിരൂപണങ്ങൾ ഒന്നും സഫലമാകയില്ല എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. മാത്രമല്ല, ദൈവഹിതത്തിനു സമ്പൂർണ്ണമായി സമർപ്പിച്ച്, പ്രാർത്ഥനയിൽ ഉറ്റിരുന്ന ഒരു സ്ത്രീയുടെ പ്രാർത്ഥനയ്ക്കും, കണ്ണുനീരിനും മറുപടി നല്കേണ്ടതിനായി, ജ്ഞാനിയായ തന്റെ പരിശ്രമങ്ങളെല്ലാം വിഫലമാക്കിയ ആ ദൈവം എത്രയോ ശ്രേഷ്ഠൻ എന്ന തിരിച്ചറിവുണ്ടായി. അന്ന് ആ ദൈവം ഡോക്ടർ അബ്രഹാമിന്റെ ദൈവമായിത്തീർന്നു. നമ്മുടെ മുട്ടിപ്പായുള്ള പ്രാർത്ഥനകൾക്കു ഉത്തരം നല്കാനായി കർത്താവു ചിലപ്പോൾ അവിശ്വാസികളെ ഉപയോഗിക്കുന്നതായി കാണാം. അവരുടെ ഹൃദയങ്ങളെയും, കാലാവസ്ഥയെയും, പ്രകൃതിയെത്തന്നെയും മാറ്റിമറിച്ച് നമുക്കു ഉത്തരം അരുളും. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും നാം പ്രതീക്ഷിക്കുന്ന വിധത്തിൽ മറുപടി ലഭിച്ചില്ലെന്നു വരാം. നമ്മുടെ നന്മ എന്താണെന്ന് അറിയുന്ന ദൈവം തക്കസമയത്ത് ഉത്തരം നല്കും. ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8:28). അവന്റെ സമയം വരെയും കാത്തിരിക്കാം, ഉണർന്നു പ്രാർത്ഥിക്കാം. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോ. 5:16). സാധുക്കളുടെ പ്രത്യാശയ്ക്കു എന്നും ഭംഗം വരികയുമില്ല. ദൈവനാമത്തിനു സ്തോത്രം. ആകയാൽ പ്രിയ സഹോദരിമാരേ, മടുത്തുപോകാതെയും, ക്ഷീണിച്ചുപോകാതെയും പ്രാർത്ഥിക്കാൻ കർത്താവു കൃപ നല്കട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## Annamma Charles John Writers Award

**ക്രൈക**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡ് ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

# ദർശനങ്ങളും പ്രതികരണങ്ങളും

ജെസി ബെൻസെൻ, കൊച്ചി



**അ**പ്പൊസ്തലന്മാരുടെ കാലത്ത് കർത്താവ് പലപ്പോഴും ദർശനങ്ങളിലൂടെ മനുഷ്യരോടു ഇടപെട്ടിട്ടുള്ളതായി നാം കാണുന്നുണ്ട്. ഓരോരുത്തരും കർത്താവിനോട് പ്രതികരിച്ചത് വ്യത്യസ്തമായ രീതികളിലായിരുന്നു.

ദൈവജനത്തെ പിടിച്ചുകെട്ടുന്നതിന് മഹാപുരോഹിതന്റെ അധികാരപത്രവുമായി വന്ന ശൗലിനെ ദമസ്ക്കൊസിന്റെ പടിവാതില്ക്കൽവച്ച് കർത്താവ് പിടികൂടി "ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്ന ചോദ്യത്തോടെയാണ് കർത്താവ് ശൗലിനോട് ഇടപെട്ടത്. ആ ഒറ്റച്ചോദ്യത്തിൽ നിന്നുതന്നെ ശൗലിന് തന്നോടു സംസാരിക്കുന്നത് ആരാണെന്ന് വ്യക്തമായി. 'നീ ആരാകുന്നു കർത്താവേ' എന്നായിരുന്നു അവന്റെ മറുചോദ്യം. കർത്താവേ, ഞാൻ എന്തു ചെയ്യണം എന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് താൻ ചെയ്യേണ്ടത് എന്തൊക്കെയാണെന്ന് കർത്താവ് അരുളിച്ചെയ്തത്. കർത്താവിനു വിരോധമായി എന്തും ചെയ്വാൻ സന്നദ്ധനായിരുന്ന അവൻ ഇപ്പോൾ കർത്താവിനു വേണ്ടി എന്തും ചെയ്വാൻ സന്നദ്ധനായിത്തീർന്നു (അപ്പൊ.പ്രവൃ.9:5; 22:10).

എന്നാൽ ഒരു ശുശ്രൂഷ ഭരമേല്പിക്കുന്നതിനായി കർത്താവ് അനന്യാസിനെ വിളിച്ചപ്പോൾ "കർത്താവേ അടിയൻ ഇതാ" എന്നാണ് അവൻ പ്രതികരിച്ചത്. എങ്കിലും അവൻ തന്റെ ആശങ്കകൾ കർത്താവുമായി പങ്കുവയ്ക്കുകയും ദുരീകരിക്കയും ചെയ്ത ശേഷം മാത്രമാണ് ഭരമേല്പിക്കപ്പെട്ട ശുശ്രൂഷയ്ക്ക് സന്നദ്ധനായത്. കർത്താവും അവന്റെ സംശയങ്ങൾക്ക് വ്യക്തമായ മറുപടി നല്കി കൊണ്ട് തന്നെയാണ് ആ ശുശ്രൂഷ ഭരമേല്പിച്ചത്.

അടുത്ത അദ്ധ്യായത്തിലേക്ക് വരുമ്പോൾ കൊർന്നല്യൊസിനും പത്രൊസിനും ഉണ്ടായ ദർശനങ്ങളെക്കുറിച്ച് കാണുന്നു. കൊർന്നല്യൊസ് 'എന്താകുന്നു കർത്താവേ' എന്നു ചോദിച്ചപ്പോൾ, പത്രൊസ് 'ഒരിക്കലും പാടില്ല കർത്താവേ' എന്നാണ് പ്രതികരിച്ചത്. കൊർന്നല്യൊസിന്റെ ചോദ്യം ഭയഭക്തിയും ആശ്ചര്യവും കലർന്നതായിരുന്നെങ്കിൽ പത്രൊസിന്റെ പ്രതികരണം കർത്താവിനെ ഉപദേശിക്കുന്ന ഭാവത്തിലായിരുന്നു (അപ്പൊ. പ്രവൃ.10:3,14). യേശു തന്റെ ഐഹിക ജീവിതകാലത്ത്, തന്റെ മരണ പുനരുത്ഥാനങ്ങളെക്കുറിച്ച് വെളിപ്പെടുത്തിയപ്പോൾ, പത്രൊസ് അവനെ വേറിട്ടുകൊണ്ടുപോയി ശാസിച്ച ചരിത്രമുണ്ട്. "പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി: കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ; എന്നു ശാസിച്ചു തുടങ്ങി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മത്തായി 16:22). കർത്താവിനെക്കാൾ അറിവും ജ്ഞാനവും തനിക്കു ഉണ്ടെന്ന ഭാവമാണ് കർത്താവിനോടു സംസാരിക്കുമ്പോൾപോലും ഇടയ്ക്കിടെ ഉയർന്നുവന്നുകൊണ്ടിരുന്നത്. കർത്താവിനെ ഉപദേശിക്കുന്നതോ, ശാസിക്കുന്നതോ ആയ ഭാവത്തിലാണ് പത്രൊസ് പലപ്പോഴും പ്രതികരിച്ചിരുന്നതെങ്കിലും അത്യുന്നതമായ ശുശ്രൂഷയും നിയോഗവും അവനെ ഭരമേല്പിച്ചപ്പോൾ മൂന്നുപ്രാവശ്യം പറഞ്ഞുകൊണ്ടാണ് ദൈവം അക്കാര്യം അവനെ ബോധ്യപ്പെടുത്തിയത്. തന്റെ ആടുകളെ

*ശേഷം 6-ാം പേജിൽ*

# സന്തുഷ്ടകുടുംബവും, കുടുംബത്തിന്റെ ഭദ്രതയും



എൽസി ബേബി, ന്യൂ യോർക്ക്

ഇന്ന് അനേകർ ലക്ഷങ്ങളും, കോടികളും മുടക്കി കൊട്ടാരസമാനമായ വീടുകൾ പണിതുയർത്തുന്നു. അവയിൽ വിലയേറിയ ആഡംബര വസ്തുക്കളാൽ അലങ്കരിച്ചിടുന്നു. മുറ്റങ്ങൾ നിറയെ മനോഹരങ്ങളായ പൂന്തോട്ടങ്ങളും, പുൽതകിടികളും, നീന്തൽകുളങ്ങളും. ഇവയുടെയൊക്കെ സുരക്ഷിതത്ത്വത്തിന്നായി ചുറ്റും വൻമതിൽക്കെട്ടുകളും, ശക്തിയേറിയ കവാടവും! വീട്ടുകാവലിന്ന് നായ്ക്കളും, ശമ്പളം നല്കി നിർത്തിയിരിക്കുന്ന കാവല്ക്കാരും! ഇത്രയൊക്കെ പണിപ്പെട്ടും, പണം ചെലവാക്കിയും പണിയുന്ന വീടുകളിൽ താമസിക്കാൻ ഒരു സന്തുഷ്ടകുടുംബമുണ്ടോ? കുടുംബത്തിന്റെ ഭദ്രതയ്ക്കായി വല്ലതും ചെയ്യാറുണ്ടോ? കൂടുമ്പോൾ ഇമ്പമുള്ള ഒരു കുടുംബമില്ലാതെ, മാതാപിതാക്കളും, മക്കളും, മക്കളുടെ മക്കളുമൊക്കെയുള്ള ഒരു കുടുംബമില്ലാതെ പണം വാരിവിതറി ആഡംബരങ്ങളും, ആർഭാടങ്ങളും കാട്ടി, കടബാദ്ധ്യതകളുമായി സമാധാനമോ, സന്തോഷമോ ഇല്ലാതെ ജീവിക്കുന്നത് എത്ര മൗഢ്യമാകുന്നു! സ്വന്തം കുടുംബത്തിന്റെ ഭദ്രതയേക്കാൾ തങ്ങൾ പണിതുയർത്തുന്ന സൗധങ്ങൾക്കാണ് പ്രാധാന്യം നല്കുന്നത്. അതുമൂലം വഴിതെറ്റി നശിച്ചുപോകുന്ന തലമുറകളെക്കണ്ട് വ്യാകുലപ്പെട്ടു കരഞ്ഞിട്ടു വല്ല പ്രയോജനവും ഉണ്ടോ?

ഒരിക്കൽ ഒരു സാധു കർഷകൻ തന്റെ പാടത്തെ പണി കഴിഞ്ഞ് ഉച്ചഭക്ഷണത്തിനായി വീട്ടിൽ വന്നു. ഭാര്യ ഭക്ഷണം വിളമ്പി. അയാൾ താഴെ ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ആരോ വാതിലിൽ മുട്ടി. ഭാര്യപോയി നോക്കിയപ്പോൾ നാലു അപരിചിതരായ യുവാക്കൾ മുറ്റത്തു നില്ക്കുന്നു. ''നിങ്ങൾ ആരാണ്? നിങ്ങൾക്കെന്തുവേണം?'' എന്നു ചോദിച്ചപ്പോൾ അവരിലൊരാൾ ഞങ്ങൾ ദൂരെവേ നിന്നും വരുന്നു. ഞങ്ങൾക്കു പാർപ്പാൻ ഒരിടവും, ഭക്ഷണവും വേണം. പക്ഷേ ഞങ്ങളിൽ "ധനം, ഐശ്വര്യം, സമാധാനം, സ്നേഹം". ഇവരിൽ ഒരാളെ മാത്രമേ അകത്തേക്കു ക്ഷണിക്കാവൂ എന്നു പറഞ്ഞു. ഭാര്യ ചിന്തിച്ചു നോക്കി, 'ധനത്തെ' സ്വീകരിക്കാം എന്നു പറഞ്ഞപ്പോൾ ബുദ്ധിമാനായ ഭർത്താവു പറഞ്ഞു "വേണ്ടാ സ്നേഹം മാത്രം മതി''! അങ്ങനെ അവർ സ്നേഹത്തെ അകത്തേക്കു ക്ഷണിച്ചു. നോക്കുമ്പോൾ സ്നേഹത്തിന്റെ പുറകെ സമാധാനവും, ഐശ്വര്യവും പിന്തുടരുന്നു. ഞങ്ങൾക്കു സ്നേഹത്തെ പിരിഞ്ഞുകൂടാ, ഞങ്ങളും വരുന്നു എന്നു പറഞ്ഞു. ഏകനായിപ്പോയ "ധനം" പറഞ്ഞു "ഞാനും പോരുന്നു എനിക്കു തനിയേ നില്പാൻ വയ്യ''. അങ്ങനെ ആ നാലുപേരും വീട്ടിൽ പ്രവേശിച്ചു. കഥയുടെ സാരം മനസ്സിലായല്ലോ. "സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നതു എത്ര വാസ്തവം! സ്നേഹമുള്ളേടത്തു സമാധാനവും, ഐശ്വര്യവും, സമ്പത്തും കാണും. കൊട്ടാരമായാലും, കുടിലായാലും കുബേരനായാലും, കുചേലനായാലും, തമ്മിൽ തമ്മിൽ സ്നേഹിക്കുന്ന കുടുംബാംഗങ്ങൾ വസിക്കുന്ന കുടുംബമാണ് സന്തുഷ്ടകുടുംബം. ഇന്ന് ഇല്ലാതെപോയിരിക്കുന്നതും ഈ ആത്മാർത്ഥ സ്നേഹമാകുന്നു. അതുമൂലമുള്ള വൈകല്യങ്ങളാകുന്നു വിവാഹബന്ധങ്ങളിലും, ഭാര്യാഭർത്തൃബന്ധങ്ങളിലും, മാതാപിതാമക്കൾ ബന്ധങ്ങളിലും കാണുന്ന അകല്ചകളും, പിണക്കങ്ങളും, പിളർപ്പുകളും! മുമ്പൊരിക്കലും കേട്ടുകേൾവി പോലുമില്ലാതിരുന്ന "വിവാഹമോചനം" എന്ന അകൃത്യം ഒരു പകർച്ചവ്യാധി പോലെ നമ്മുടെയൊക്കെ ഭവനങ്ങളെയും

സമൂഹത്തെയും സഭകളെയും നാറ്റിച്ചു കൊണ്ടിരിക്കയല്ലേ! മാതാപിതാക്കളെ അനുസരിക്കാതെ തങ്ങൾക്കു തോന്നിയതുപോലെ വീടുവിട്ടിറങ്ങിപ്പോകുന്ന മക്കൾ? എന്തിനേറെ വിവാഹിതരായി മക്കളുമായി കുടുംബജീവിതം നയിച്ചിരുന്ന ഭാര്യമാർ അന്യപുരുഷന്മാരുടെ പുറകെയും, ഭർത്താക്കന്മാർ അന്യസ്ത്രീകളുടെയും പുറകെ പോകുന്ന മ്ലേഛകരങ്ങളായ വാർത്തകൾ കേൾക്കുമ്പോൾ ദുഃഖിച്ചും, ലജ്ജിച്ചും, തലതാഴ്ത്തിപ്പോകയല്ലേ? എന്താണു കാരണം? ആധുനിക പരിഷ്ക്കാരത്തിന്റെയും, സംസ്കാരത്തിന്റെയും, ടെക്നോളജികളുടെയും പുറകെയുള്ള പാച്ചിലും, അനുകരണവും! ധനത്തിന്റെയും, ലൗകിക ജഡികസുഖങ്ങളുടെയും വഞ്ചനകളിൽ കുടുങ്ങി തകർന്നുതരിപ്പണമാകുന്ന ജീവിതങ്ങൾ!

യുവതിയുവാക്കന്മാർ തമ്മിൽ യൗവ്വനമോഹങ്ങളാൽ ആകർഷിക്കപ്പെട്ട് അവിഹിതബന്ധങ്ങളിലേർപ്പെട്ട് ചതിക്കപ്പെടുന്നു. പലരും നിവൃത്തിയില്ലാതെ വിവാഹിതരായി, വിവാഹത്തിന്റെ പരിശുദ്ധിയെ കളങ്കം ചാർത്തി അധികം താമസിയാതെ ബന്ധം പിരിയുന്നു. അവരിലൂടെ ജനിക്കുന്ന മക്കൾ വഴിയാധാരമാകുന്നു. അതുമൂലം കുടുംബബന്ധങ്ങൾ തകരുന്നു. സമാധാനമില്ലാതെ സന്തോഷമില്ലാതെ നിരാശരായി ആത്മഹത്യകളിൽ എത്തിച്ചേരുന്നു.

വിവാഹിതരാകുന്നതിനു മുമ്പേ, വിവാഹം, വിവാഹജീവിതത്തിന്റെ മാതൃക, വിവാഹത്തിനു മുമ്പുള്ള ലൈംഗിക ബന്ധത്തിന്റെ അപകടങ്ങൾ, വിവാഹശേഷമുള്ള കുടുംബജിവിതം, മാതാപിതാമക്കൾ ബന്ധം, സന്തുഷ്ടകുടുംബം, കുടുംബ ജീവിതത്തിന്റെ ഭദ്രത ഇവയെക്കുറിച്ച് യുവതീയുവാക്കളെ പറഞ്ഞു പഠിപ്പിച്ചിട്ടുവേണം വിവാഹിതരാക്കുവാൻ. മാതാപിതാക്കൾ അതിന്നു മുൻകൈ എടുത്ത് മാതൃക കാണിച്ചു കൊടുത്തിട്ടു വേണം മക്കളെ വളർത്തുവാൻ! മതാദ്ധ്യക്ഷന്മാർക്കും, ഉപദേഷ്ടാക്കന്മാർക്കും അതിൽ നല്ല പങ്കുണ്ടായിരിക്കണം. 'വിവാഹം' എന്ന ദൈവിക പരിശുദ്ധകൂദാശയുടെ ഗൗരവവും, പരിശുദ്ധിയും ജീവിതാന്ത്യംവരെ കാത്തുസൂക്ഷിക്കേണ്ട ഉഭയസമ്മതമാകുന്നുവെന്ന് യുവതിയുവാക്കൾ പഠിച്ചിരിക്കണം. വിവാഹസമയം എടുക്കുന്ന ഉഭയസമ്മതത്തിന്റെ പരിശുദ്ധിയും, ഉറപ്പും, ജീവപര്യന്തം കാത്തുസൂക്ഷിക്കേണ്ടതാകുന്നു. അതു തകർക്കുവാനോ, തകരുവാനോ, അതിന്നു കളങ്കം ചാർത്തുവാനോ പാടില്ല എന്ന സത്യം വിവാഹിതരാകുന്ന യുവതിയുവാക്കൾ മനസ്സിലാക്കിയിരിക്കണം. ഇന്നു മാതാപിതാക്കൾ വിവാഹത്തിന്റെ പരിശുദ്ധിയെക്കാൾ അനാവശ്യമായ ആഡംബരങ്ങൾക്കും, ആർഭാടങ്ങൾക്കും പ്രാധാന്യം നല്കി വിവാഹത്തിന്റെ മാന്യത കെടുത്തിക്കളയുന്നതിന്റെ ഫലമായി വിവാഹിതരാകുന്നവർ വഞ്ചിക്കപ്പെടുകയാണെന്നു മനസ്സിലാക്കുന്നില്ല. വിവാഹിതരാകുന്ന യുവതീയുവാക്കന്മാരുടെ മദ്ധ്യേ അരക്കിട്ടുറപ്പിക്കുന്ന ദൈവസ്നേഹത്തിന്റെയും, ദൈവഭക്തിയുടെയും മാഹാത്മ്യം അതിന്റേതായ പരിശുദ്ധിയിൽ കാത്തുസൂക്ഷിച്ചാൽ ആ ബന്ധത്തെ തകർക്കുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല. മുമ്പേ ഓർപ്പിച്ചതുപോലെ ദൈവസ്നേഹത്താൽ ബന്ധിക്കുന്ന വിവാഹബന്ധം ഭാര്യാഭർത്താക്കന്മാർ അവരുടെ ജീവിതാന്ത്യം വരെ വിഘ്നങ്ങൾ കൂടാതെ പാലിക്കുക. അനാവശ്യ ആഡംബരങ്ങൾക്കും, ആർഭാടങ്ങൾക്കും ധനം പാഴാക്കാതെ ജീവീതത്തിൽ ഏറ്റവും അനർഘമായ ധനം ഒരു സന്തുഷ്ടകുടുംബമാകുന്നു. അങ്ങനെ ഒരു കുടുംബം പണിതുയർത്തി നല്ല നല്ല തലമുറകളെ വാർത്തുണ്ടാക്കാൻ ശ്രദ്ധിക്കുക. ദൈവസ്നേഹം നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഒരു കുടുംബാന്തരീക്ഷം സൃഷ്ടിച്ചു കാത്തു സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക.

കുടുംബജീവിത്തിന്റെ അടിസ്ഥാനം "വിവാഹം" എന്ന പരിശുദ്ധകൂദാശയാണല്ലോ. ദൈവം കൂട്ടിയോജിപ്പിക്കുന്ന ഭാര്യാഭർത്തൃബന്ധത്തിന്നു കളങ്കം വരുത്തുന്ന യാതൊന്നും തങ്ങളുടെ പക്ഷത്തുനിന്നും ഉണ്ടാകയില്ല എന്ന് ഭാര്യയും ഭർത്താവും ഉറച്ച തീരുമാനമെടുക്കുക. അതിരാവിലെ കിടക്കയിൽനിന്നും എഴുന്നേല്ക്കുന്നതിനു മുമ്പേ ഇരുവരും കൈകോർത്തുപിടിച്ചു ആ വൃതം ആവർത്തിച്ച്

ദൈവകരങ്ങളിൽ സമർപ്പിച്ച് ദിവസം ആരംഭിക്കുക. ഭാര്യാഭർത്തൃബന്ധത്തിൽ യാതൊരു രഹസ്യവും പാടില്ല. ഭാര്യാഭർത്തൃസ്നേഹം ആവോളം അന്യോന്യം നല്കിവേണം ജീവിതാന്ത്യം വരെ ജീവിക്കുവാൻ. വിവാഹജീവിതത്തിൽ തലമുറകൾക്കു പ്രാധാന്യം നല്കുക. ദൈവം ദാനമായി നല്കുന്ന കുഞ്ഞുങ്ങളെ സന്തോഷത്തോടെ വാങ്ങി അവരെ ദൈവത്തിനായി വളർത്തുക. അതിന് ഉദ്യോഗമോ, ധനമോ, മറ്റുയാതൊരു ഭൗതികവിഷയങ്ങളോ തടസ്സമാകാൻ പാടില്ല. ഒരു സന്തുഷ്ടകുടുംബം പണിയുക എന്നതായിരിക്കണം ഭാര്യാഭർത്താക്കന്മാരുടെ ലക്ഷ്യം. ദൈവവിശ്വാസം, ദൈവാശ്രയം, ഈശ്വരഭക്തി, പ്രാർത്ഥന, ആരാധന ഇവ ഇല്ലാതെ ഒരു സന്തുഷ്ടകുടുംബം പണിയുവാനോ നിലനിർത്തുവാനോ സാദ്ധ്യമല്ല. ബാക്കി ഭൗതിക ലൗകിക വിഷയങ്ങളൊക്കെ ഈശ്വരാനുഗ്രഹങ്ങളാകുന്നു എന്നോർക്കുക. സന്തുഷ്ടകുടുംബത്തിന്റെ ഭദ്രതയ്ക്ക് തടസ്സമായി ഇന്റർനെറ്റോ, ഈമെയിലോ ഫെയ്സ് ബുക്കോ, വാട്ട് സാപ്പ്, ഐഫോൺ, ഐപാഡ് ഇവയൊന്നും വരാൻ പാടില്ല. അവയൊക്കെ നല്ലതുതന്നെ. അവയിൽ ഒളിച്ചിരിക്കുന്ന നന്മതിന്മകൾ തിരിച്ചറിഞ്ഞ് തിന്മകൾ തള്ളി നന്മകൾ മാത്രം തിരഞ്ഞെടുക്കുക. പ്രത്യേകിച്ചു മക്കളെ അവയിൽ നിന്നും ആവോളം അകറ്റി നിർത്തി അവയുടെ ഉപയോഗങ്ങളിലുള്ള നന്മ മാത്രം അനുവദിക്കുക. ഇവയിലൊക്കെ അടങ്ങിയിരിക്കുന്ന പൈശാചിക കെണികളാണ് ഇന്ന് വിവാഹബന്ധങ്ങളെയും, കുടുംബബന്ധങ്ങളെയും, മാതാപിതാമക്കൾ ബന്ധങ്ങളെയും തകർക്കുന്നതെന്നു മനസ്സിലാക്കുക. ഈ വിഷയത്തെക്കുറിച്ച് ധാരാളം എഴുതാനുണ്ടെങ്കിലും സ്ഥലപരിമിതി ഓർത്ത് വിസ്തരിക്കുന്നില്ല.

പ്രിയ വായനക്കാർ തങ്ങളുടെ ജീവിതങ്ങളെ പരിശോധിച്ച് നല്ല നല്ല സന്തുഷ്ട കുടുംബങ്ങളെ പണിത് അവയെ ഭദ്രമായി കാത്തു സൂക്ഷിച്ച്, ദൈവത്തിന്നു പ്രസാദമുള്ള കുടുംബജീവിതവും അതുമൂലം നല്ല നല്ല തലമുറകളെ വാർത്തുണ്ടാക്കുവാൻ ഈ ലേഖനം സഹായമായിതീരട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ❑

---

*3-ാം പേജിൽ നിന്നും തുടർച്ച (ദർശനങ്ങളും പ്രതികരണങ്ങളും)*

മേയ്ക്കുവാനും പരിപാലിക്കുവാനും കർത്താവ് അവനെ ചുമതലപ്പെടുത്തിയപ്പോൾ, ഒരു പ്രാവശ്യം പറഞ്ഞാലൊന്നും ഉൾക്കൊള്ളുവാൻ കഴിയാത്ത പത്രൊസിനെ, വീണ്ടും വീണ്ടും പറഞ്ഞ് അക്കാര്യം ബോധ്യപ്പെടുത്തുവാനും കർത്താവ് സന്നദ്ധനായി (യോഹ. 21:15-18).

എന്നാൽ ഫിലിപ്പൊസിനോട് കർത്താവ് സംസാരിച്ചപ്പോൾ അവൻ അനുസരണത്തിലൂടെമാത്രമാണ് പ്രതികരിച്ചത്! 'നീ ആരാകുന്നു കർത്താവേ' എന്നോ 'എന്താ കർത്താവേ' എന്നൊന്നും അവൻ ചോദിച്ചില്ല. ദൈവശബ്ദത്തിന് കാതോർക്കുകയും അനുസരിക്കയും മാത്രമാണ് അവൻ ചെയ്തത്. മേല്പറഞ്ഞ എല്ലാവരുംതന്നെ കർത്താവിനെ അനുസരിച്ചെങ്കിലും ഓരോരുത്തരും വ്യത്യസ്തമായ നിലകളിലാണ് കർത്താവിന്റെ ശബ്ദത്തോട് പ്രതികരിച്ചത്. ഏത് വിധത്തിൽ പ്രതികരിച്ചവരോടും കർത്താവ് വളരെ വാത്സല്യത്തോടും കരുതലോടും കൂടെയാണ് സംസാരിക്കയും തന്റെ കല്പനകളും ശുശ്രൂഷകളും അവരെ ഗ്രഹിപ്പിക്കയും ചെയ്തത്. മൂന്നു പ്രാവശ്യം പറയേണ്ടവരോട് അങ്ങനെയും സംശയനിവാരണം വരുത്തേണ്ടവരോട് അപ്രകാരവും എന്തുചെയ്യണമെന്നു ചോദിച്ചവരോട് ചെയ്യേണ്ടത് എന്തെന്നുമൊക്കെ സാവധാനത്തിൽതന്നെ പറഞ്ഞു മനസ്സിലാക്കി.

നമ്മെ സംബന്ധിച്ചും ദൈവശബ്ദത്തിന് കാതോർക്കയും അനുസരിക്കയും മാത്രമാണ് ആവശ്യം. കർത്താവ് എന്തെങ്കിലും കല്പിച്ചാൽ അത് തന്നെ ചെയ്കയല്ലാതെ, മറ്റൊന്നും ചിന്തിച്ച് വ്യാകുലപ്പെടുവാൻ ആവശ്യമില്ല. ❑

# മശീഹായെ കണ്ടവൾ

എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ



‘‘അവൻ യെഹൂദ്യദേശം വിട്ടു പിന്നെയും ഗലീലെക്കു യാത്രയായി. അവൻ ശമര്യയിൽകൂടികടന്നുപോകേണ്ടിവന്നു. അങ്ങനെ അവൻ സൂഖാർ എന്നൊരു ശമര്യ പട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്നരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു. യേശു വഴി നടന്നു ക്ഷീണിച്ചിട്ടു ഉറവിന്നരികെ ഇരുന്നു; അപ്പോൾ ഏകദേശം ആറാം മണിനേരം ആയിരുന്നു. ഒരു ശമര്യാസ്ത്രീ വെള്ളംകോരുവാൻ വന്നു; യേശു അവളോടു: എനിക്കു കുടിപ്പാൻ തരുമോ എന്നു ചോദിച്ചു” (യോഹ. 4:3-7)

ഈ പ്രസക്ത ഭാഗങ്ങളിൽ കൂടി വേദപുസ്തകം നമുക്കു കാണിച്ചു തരുന്നത് അതിർ വരമ്പുകളില്ലാതെ യേശു എല്ലാവരെയും സ്നേഹിക്കുന്നു എന്നാണ്. തന്നെയുമല്ല അസാന്മാർഗ്ഗിക ജീവിതം നയിക്കുന്ന ആ സ്ത്രീയിലൂടെ തന്നെ ശമര്യാക്കാർ ലോകരക്ഷിതാവിനെ കണ്ടെത്തണമെന്നുള്ളതും ദൈവിക പദ്ധതി ആയിരുന്നു.

ആ കാലഘട്ടത്തിൽ യഹൂദനും, ശമര്യരും തമ്മിൽ യാതൊരുവിധ സമ്പർക്കവുമില്ലായിരുന്നു. കാരണം ശമര്യർ സമ്മിശ്രജാതിയായിരുന്നു. പാരമ്പര്യങ്ങൾക്കും പ്രമാണങ്ങൾക്കും മൂല്യം കൊടുക്കുന്നവരാണ് യഹൂദർ. അവർ പ്രമാണമുള്ളവരാണെങ്കിലും യേശുവിൽ വിശ്വസിച്ചിരുന്നില്ല. മശീഹായുടെ ആഗമനത്തിനുവേണ്ടി അവർ കാത്തിരുന്നു. ആ കാലത്ത് ഗലീലയിലേക്ക് ശമര്യവഴി കേവലം മൂന്നുമണിക്കൂർ യാത്ര ചെയ്താൽ എത്താമായിരുന്നു. എന്നാൽ അവർ മൂന്നു ദിവസം വഴിദൂരം യാത്ര ചെയ്താണ് ഗലീലയ്ക്ക് പോയിരുന്നത്. യെഹൂദരെപ്പോലെ ശമര്യരും പ്രമാണമുള്ളവരും ആരാധിക്കുന്നവരും ഏകദൈവത്തിൽ വിശ്വസിക്കുന്നവരുമായിരുന്നു. യഹൂദന്റെ പ്രമാണങ്ങളെ യേശു ലംഘിച്ചു ചട്ടങ്ങളെ പൊട്ടിച്ചുകളഞ്ഞുകൊണ്ടാണ് ശമര്യയിലെത്തിയത്.

“എനിക്കു കുടിപ്പാൻ തരുമോ” എന്ന യേശുവിന്റെ ചോദ്യത്തിനു ഉത്തരമായി ‘യഹൂദനായിരിക്കെ ശമര്യക്കാരിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതെങ്ങനെ എന്ന മറുചോദ്യമവൾ ചോദിക്കുന്നു. യേശുവിനെ യഹൂദനായി തോന്നാൻ കാരണം യഹൂദന്മാർക്ക് ആ കാലഘട്ടത്തിൽ പ്രത്യേകതരം വസ്ത്രധാരണമായിരുന്നു. അതിനുത്തരമായി യേശു പറയുന്നു; നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു (യോഹ 4:10). തുടർന്നുള്ള ഭാഗങ്ങളിൽ യേശുവുമായുള്ള സ്ത്രീയുടെ സംഭാഷണത്തിൽ അവൾ ഇപ്രകാരം യേശുവിനോടു ചോദിക്കുന്നു. നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ. യേശു അവളോട് പ്രത്യുത്തരമായി ഇപ്രകാരം പറയുന്നു. “ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവയായിത്തീരും എന്നു ഉത്തരം പറഞ്ഞു. സ്ത്രീ അവനോടു: യജമാനനേ, എനിക്കു ദാഹിക്കാ

തെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്നു ആ വെള്ളം എനിക്കുതരേണം എന്നു പറഞ്ഞു'' (യോഹ. 4:15).

തുടർന്ന് അവളുടെ കുറവുകൾ ഘട്ടം ഘട്ടമായി പറയുന്ന യേശുവിനെ കാണാൻ സാധിക്കുന്നു. സത്യസന്ധമായി സകലതും പറയുന്ന സ്ത്രീയേയും ദർശിക്കാൻ സാധിക്കുന്നു. യേശു അവളോട് പോയി ഭർത്താവിനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞു. എനിക്കു ഭർത്താവില്ലായെന്നു സ്ത്രീ ഉത്തരം പറഞ്ഞു. അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല, നീ പറഞ്ഞതു സത്യം തന്നെയെന്നു യേശു പറഞ്ഞു. അവളുടെ ജീവചരിത്രം പറഞ്ഞ യേശുവിനെ അവൾ വിശ്വസിക്കുന്നു. യേശുവിനെ അവൾ ആരാധ്യ പുരുഷനായി കണ്ടിട്ട് യജമാനനേ, നീ പ്രവാചകനെന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു.

തുടർന്ന് യേശുവിന്റെ ശൈലിയിൽ നമുക്ക്മാറ്റംകാണാം. യോഹ.14:20-23 വരെയുള്ള വാക്യങ്ങളിൽ ആരാധന എവിടെ നടത്തണം എങ്ങനെ ആരാധിക്കണമെന്നു യേശു പറഞ്ഞു കൊടുക്കുന്നു. സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവരായിരിക്കണമെന്ന് പിതാവ് ഇച്ഛിക്കുന്നു. രക്ഷ യഹൂദന്മാരുടെയിടയിൽ നിന്നല്ലോ വരുന്നത്. ഇനിയും എങ്ങനെ നമസ്കരിക്കണമെന്നു യേശു അവൾക്കു പറഞ്ഞുകൊടുക്കുന്നതായി കാണാം. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം. അവളുടെ അറിവ് അവൾ യേശുവുമായി പങ്കുവയ്ക്കുന്നതു കാണാം. സ്ത്രീ അവനോടു മശീഹാ എന്നു വെച്ചാൽ ക്രിസ്തുവരുന്നുവെന്നു ഞാൻ അറിയുന്നു. അവൻ വരുമ്പോൾ സകലവും അറിയിച്ചു തരുമെന്നു പറഞ്ഞു. യേശു അവൾക്കു മുമ്പിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് മശീഹാ (യോഹ.4:24-26).

അനന്തരം സ്ത്രീ എന്തിനു വന്നതാണെന്നുപോലും ചിന്തിക്കാതെ പാത്രംവച്ചിട്ട് പട്ടണത്തിലേക്കു പോകുന്ന കാഴ്ച നാം കാണുന്നു. പട്ടണത്തിൽ ചെന്നു ജനങ്ങളോട് ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ, അവൻ പക്ഷേ ക്രിസ്തുവായിരിക്കുമോ എന്നു പറഞ്ഞു. ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞു എന്ന് സ്ത്രീ സാക്ഷ്യം പറഞ്ഞതു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. സാക്ഷാൽ ലോകരക്ഷിതാവിനെ അറിയാൻ ആ സ്ത്രീ മുഖാന്തരം ശമര്യർക്കു സാധിച്ചു.

പ്രിയ സഹോദരങ്ങളേ, നാം ക്രിസ്തു അനുയായികൾ എന്നു പറയുന്നുവെങ്കിലും നമുക്ക് മറ്റുള്ളവരുടെ മുമ്പിൽ യേശുവിനെ കാണിച്ചുകൊടുക്കുവാൻ സാധിക്കുന്നുണ്ടോ? ലോകയിമ്പമോഹങ്ങൾക്ക് അടിമയായിരുന്ന നമ്മെ സ്നേഹിച്ച് നിത്യജീവൻ നല്കിയ യേശുവിനെ നമുക്ക് മറ്റുള്ളവരുടെ മുമ്പിൽ പരിചയപ്പെടുത്താം. 2കൊരി.3:2-ൽ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ക്രിസ്തുവിന്റെ പത്രം നിങ്ങൾ തന്നെ. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവും ഇല്ല (ഗലാ.5:22).

അസാന്മാർഗ്ഗിയായ ആ സ്ത്രീ മശീഹായെ കണ്ടപ്പോൾ മറ്റുള്ളവരെ ആ മശീഹായെ അവൾക്കാവുംവിധം വന്നു കാണാൻ ആഹ്വാനം ചെയ്തതുപോലെ ആത്മാവിന്റെ ഫലങ്ങളാൽ നമുക്ക് ലോകരക്ഷിതാവിനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാം. ഇതിനായി കർത്താവ് നമ്മെ ഓരോരുത്തരേയും സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# യേശുക്രിസ്തു സമാധാനദായകൻ



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

യേശുക്രിസ്തു സമാധാനദായകൻ ആണ്. സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത് (യോഹ:14:27).

ലോകത്തിന്റെ സമാധാനം താത്ക്കാലികമാണ്. എന്നാൽ അവിടുന്നു തരുന്ന സമാധാനം നിത്യം ആണ്. ലോക രാഷ്ട്രങ്ങൾക്കിടയിൽ സമാധാനവും, സഹകരണവും സൃഷ്ടിക്കുവാൻവേണ്ടി യു. എൻ. ഓ. (U.N.O.) സ്ഥാപിതമായി. എന്നാൽ മിക്ക ലോകരാഷ്ട്രങ്ങൾക്കുമിടയിൽ അശാന്തിയും, അസമാധാനവും നിലനില്ക്കുന്നു. ഭീകര പ്രവർത്തനങ്ങളും, സാമ്പത്തിക മാന്ദ്യവും, യുദ്ധശ്രുതിയും, പ്രകൃതിദുരന്തങ്ങളും, മാറാരോഗങ്ങളും ഇന്ന് രാജ്യങ്ങളെ അസമാധാനത്തിലേക്ക് തള്ളിവിടുന്നു. എന്നാൽ കർത്താവിനെ കൂടാതെയുള്ള സമാധാനം നിലനില്ക്കുന്നതല്ല. അവിടുന്നു സമാധാനം ആണ് (എഫെസ്യർ 2:14). നാം ഇന്നു ജീവിക്കുന്നത് സമാധാനമില്ലാത്ത ഒരു ലോകത്തിലാണ്. ഏതൊരു മനുഷ്യന്റെയും അടിയന്തര ആവശ്യം സമാധാനം ആണ്. കുടുംബത്തിലായാലും, സഭയിലായാലും, സമൂഹത്തിലായാലും സമാധാനം വേണം. സമാധാനം നല്കുന്ന കാര്യത്തിൽ സകല നേതാക്കന്മാരും ഒരുപോലെ പരാജിതരാണ്. എന്നാൽ എത്രമാത്രം സമാധാന ഉടമ്പടികൾ ഒപ്പുവെച്ചുവെങ്കിലും ഒരു മനുഷ്യർക്കും, ലോകത്തിനും സമാധാനം ഉണ്ടായിട്ടില്ല, ഉണ്ടാകുവാൻ പോകുന്നുമില്ല.

സമാധാനത്തിനായി മനുഷ്യൻ മതങ്ങളിൽ ആശ്രയിക്കുന്നു. എന്നാൽ വർത്തമാന പത്രങ്ങൾ ശ്രദ്ധിച്ചാൽ ഒരുകാര്യം മനസ്സിലാകും മതങ്ങൾ മനുഷ്യന് സമാധാനം തരികയില്ല എന്നു. മനുഷ്യന്റെ ജ്ഞാനം വർദ്ധിക്കുന്നതനുസരിച്ച് ദുഷ്ടതയും വർദ്ധിക്കുന്നു. മനുഷ്യൻ തന്റെ ജ്ഞാനം വർദ്ധിപ്പിച്ചപ്പോൾ തനിക്കൊരു സ്രഷ്ടാവില്ലെന്നു ചിന്തിച്ചുതുടങ്ങി. ഒരു സ്രഷ്ടാവുണ്ടെങ്കിൽ അവനു കണക്കുബോധിപ്പിക്കേണ്ടിവരുമെന്ന ചിന്ത അവനെ നിരീശ്വരവാദിയാക്കുന്നു. മനുഷ്യൻ താൻ തന്നെ അതിശക്തനാണെന്നു ചിന്തിക്കുന്നു. തന്നെക്കൊണ്ടു എന്തും സാധിക്കുമെന്നൊരു തോന്നൽ. എന്നാൽ ദൈവവചനം പറയുന്നു; ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസം മാത്രം. മനുഷ്യൻ എത്ര ജ്ഞാനിയായാലും അല്പപ്രാണിയാണ്. ലോകസമാധാനം എല്ലാക്കാലത്തും ഒരു മരീചികയാണ്. മനുഷ്യന്റെ ആഗ്രഹം ഹൃദയത്തിൽ സമാധാനം, കുടുംബത്തിൽ സമാധാനം, ദേശത്തു സമാധാനം, ലോകത്തിൽ സമാധാനം ഒക്കെയാണ്. പക്ഷേ അത് അവന് ഒരിക്കലും സാദ്ധ്യമല്ല. കാരണം അവനിൽ കുടിയിരിക്കുന്ന പാപമാണ്. ലോകത്തിൽ സമാധാനം സ്ഥാപിതമാകണമെങ്കിൽ പാപം ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടണം. മനുഷ്യന്റെ എല്ലാ അധാർമ്മിക പ്രവൃത്തികൾക്കും അസമാധാനത്തിനും മരണത്തിനും കാരണം പാപമാണ്. മനുഷ്യനിലെ പാപം അവനെക്കൊണ്ട് അധാർമ്മികത്വം ചെയ്യിക്കുന്നു. അതുകൊണ്ട് മനുഷ്യൻ ശാസ്ത്രീയമായും, സാങ്കേതികമായും എത്ര വളർന്നാലും ലോകസമാധാനം സാദ്ധ്യമല്ല.

സമാധാന പ്രഭുവായ യേശുകർത്താവ് വന്നാൽമാത്രം ലോകത്തിനു സമാധാനം

ഉണ്ടാകും. ലോകത്തിന്റെ ഏതു മൂലയിലും, മുക്കിലും ജനങ്ങൾ സമാധാനമില്ലാതെ അലയുന്നത് കാണാം. കൊലപാതകം, യുദ്ധം, കവർച്ച, ഭൂകമ്പം ഈ വിധത്തിൽ എല്ലാം പതിനായിരക്കണക്കിന് ആളുകൾ മരിക്കുന്നു. അധർമ്മം പെരുകുന്നതുകൊണ്ട്, സ്നേഹം, സമാധാനം ഇവ നഷ്ടപ്പെടുന്നു. സമാധാനം ഉണ്ടാകണമെങ്കിൽ അസമാധാനത്തിലേക്ക് മനുഷ്യനെ നയിക്കുന്നത് എന്താണ് എന്നു കണ്ടുപിടിക്കണം. ബൈബിൾ പറഞ്ഞിരിക്കുന്നത് ദുഷ്ടന്മാർക്ക് സമാധാനം ഇല്ല എന്നു ദൈവം അരുളിചെയ്യുന്നു. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് അസമാധാനത്തിനു കാരണം ദുഷ്ടതയാണ്. ദുഷ്പ്രവൃത്തിയും, സത്പ്രവൃത്തിയും എന്ന് രണ്ടു വിധ പ്രവൃത്തിയാണ് ലോകത്തിലുള്ളത്. മനുഷ്യനിൽ പാപപ്രവൃത്തി വസിക്കുന്നതുകൊണ്ടാണ് ദുഷ്പ്രവൃത്തിചെയ്യുന്നത്. ഇതിൽ നിന്നും മനുഷ്യനെ വിടുവിക്കാനും, സമാധാനം കൊടുക്കാനും ആണ് ഒരു രക്ഷകൻ ഭൂമിയിലേക്ക് വന്നത്.


മറിയയോട് ദൂതൻ ഇങ്ങനെ പറഞ്ഞു അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ ഇരിക്കകൊണ്ട് നീ അവന്നു യേശു എന്നു പേർ ഇടേണം (മത്തായി 1:21). യേശു = രക്ഷിതാവ് -ഈ വാക്യത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്ന ഒരു സത്യം. പാപവിമോചകൻ, ഉദയനക്ഷത്രം, സമാധാനപ്രഭു എല്ലാം നസ്രായനായ യേശു മാത്രമാണ്. സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കുതരുന്നു. ലോകം തരുന്നതു പോലെയല്ല, ഞാൻ നിങ്ങൾക്കു തരുന്നത് (യോഹ:14:27). ലോകത്തിൽ മറ്റാർക്കും തരാൻ കഴിയാത്ത സമാധാനം ആണ് നമ്മുടെ രക്ഷകൻ തന്നേച്ചു പോയത്. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും (മത്തായി 5:9).

ക്രൂരമായ ക്രൂശുമരണത്തിലൂടെയാണ് കുറ്റമറ്റ രക്ഷകൻ നമുക്ക് സമാധാനം നല്കിയത്. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി (കൊലൊ.1:20). നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി (യെശ.53:5) എന്നും വായിക്കുന്നു. അവൻ നമ്മുടെ സമാധാനം (എഫെ.2:14). സാക്ഷാൽ സമാധാനം സർവ്വേശ്വരനായ യേശുവാണ്. ഗോശാലയിൽ പിറന്നു ഗൊല്ഗോഥായിൽ മരിച്ചു കല്ലറയിൽ അടക്കപ്പെട്ടു. മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ സകലാധി നാഥനും ഭക്തവത്സലനുമായ കർത്താവായ ക്രിസ്തു തന്നെയാണ് സമാധാനം. മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ വസിക്കുന്നു (കൊലൊ.1:27). "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊ.2:24). യേശുവിന്റെ ജനനത്തോടനുബന്ധിച്ചു ദൂതന്മാർ പാടിയ ഗാനമാണിത്. ക്രിസ്തുമസ്സിന്റെ യഥാർത്ഥ സന്ദേശവും സമാധാനമാണ്. യേശുവിന്റെ ജനനം ഭൂമിയിൽ യഥാർത്ഥ സമാധാനം കൊണ്ടു വന്നു. ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന ക്രിസ്തുമസ്സ് സന്ദേശം പ്രതിവർഷം പ്രഖ്യാപനം ചെയ്യപ്പെടാറുണ്ട്. ലോകത്തിലെ എല്ലാരാജ്യങ്ങളും ക്രിസ്തുവിന്റെ രാജ്യത്തിൽ ലയിക്കുന്ന കാലംവരെയും ഈ സുവിശേഷം ഘോഷിച്ചുകൊണ്ടിരിക്കും. യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിക്കുന്നവർക്കേ ഈ നിത്യസമാധാനം ആസ്വദിക്കുവാൻ കഴിയൂ. ക്രിസ്തു നമുക്കു വീണ്ടെടുപ്പും സമാധാനവുമായിത്തീർന്നു. ദൈവത്തിന്റെ മുൻനിയമത്തിൽ ഉള്ളവർക്കുമാത്രമേ ഇതു സാധിക്കുകയുള്ളു.

യിസ്രായേലും പാലസ്തീനും ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ചതായി പത്രം മുഖേന വായിക്കുകയുണ്ടായി. ഇരുകൂട്ടരും വലിയ ശത്രുക്കളായിരുന്നവർ മിത്രങ്ങളായി. സങ്കീ.122:6ൽ യെരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ എന്നു വായിക്കുന്നു. യിസ്രായേൽ രാഷ്ട്രം സമാധാനമില്ലാതെ കഴിയുന്നു. യിസ്രായേലിനെ ഭൂമുഖത്തു

*ശേഷം 13-ാം പേജിൽ*

# മായാത്ത വടുക്കൾ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

'എഴുത്തൊണ്ട്' അന്നത്തെ തപാലിൽ നിന്നും രാമനിലയം മാധവപ്പണിക്കർക്കുള്ള തപാൽ ഉരുപ്പടികൾ തിണ്ണയിലിട്ടശേഷം തപാൽ ശിപായി കാസിം നടന്നകന്നു. പരിചയമുള്ള മുഖമായിരുന്നതിനാൽ കൂട്ടിൽക്കിടന്ന അൽസേഷ്യൻ അനങ്ങിയില്ല. അല്പംകഴിഞ്ഞ് അടുക്കളയിൽ നിന്നും വന്ന ജാനകിയമ്മ കത്തുകളെല്ലാം എടുത്ത് റബറിന് തുരിശടിക്കുന്നതിന് മേൽനോട്ടം വഹിച്ചുകൊണ്ടിരുന്ന ഭർത്താവ് മാധവപ്പണിക്കരെ ഏല്പിച്ചു. 'റബർ' മാസികയും ചിട്ടിക്കാരുടെ കാർഡുകളും ഇൻഷുറൻസിന്റെ പ്രീമിയം നോട്ടീസും മാറ്റിവച്ചു. വിമാനത്തിൽവന്ന കവർ നോക്കി. മൂത്തമകൻ രാജപ്പന്റേതാണല്ലോ. അവനും ഭാര്യ ലളിതയും കുവൈറ്റിലാണ്. അനുജൻ സേതുവിന്റെ വിവാഹത്തിന് വരുമെന്നും, അന്ന് വിലപേശിക്കൊണ്ടിരിക്കുന്ന 3 ഏക്കർ പുരയിടം 4 ലക്ഷം രൂപയ്ക്കകം കിട്ടുമെങ്കിൽ കച്ചവടം ഉറപ്പിക്കണമെന്നും കാണിച്ചിരുന്നു. ടൈപ്പിസ്റ്റായി നാട്ടിൽ പണിയുണ്ടായിരുന്ന രാജപ്പൻ എണ്ണക്കിണറുകളുടെ നാടായ കുവൈറ്റിൽ പോകുന്നതിൽ ഒട്ടും താത്പര്യം ജാനകിയമ്മ കാണിച്ചില്ല. 3 വർഷംകൊണ്ടുള്ള സമ്പാദ്യത്തിൽ പ്രേമവിവാഹത്തിൽ ലഭിച്ച ലളിത എന്ന ക്രിസ്ത്യാനി പെൺകുട്ടിയും ഉൾപ്പെടും. മകൻ ബിനുവുമായിട്ടാണ് അവർ വരുന്നത്. ശേഷിച്ചിരുന്ന ഇൻലൻഡിന്റെ ഉള്ളടക്കംകൂടി അറിയുവാനായി പണിക്കർ കത്തു പൊട്ടിച്ചു.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

സേതുവിന്റെ കല്യാണാലോചനയുമായി വന്ന ദല്ലാൾ കുറുപ്പാണ് എഴുതുന്നത്. സേതുവിനെക്കൊണ്ട് മകൾ രാധയെ കല്യാണം കഴിപ്പിക്കുന്നതിൽ പെൺകുട്ടിയുടെ വീട്ടുകാർക്ക് താത്പര്യമില്ലെന്ന് ഒരാൾവശം കുറിപ്പ് കൊടുത്തയച്ചിരിക്കുന്നു. സേതുവിന്റെ വല്യച്ഛൻ ഏതോ കേസിൽ ശിക്ഷയനുഭവിച്ച് ജയിലിൽ കിടക്കുന്നതിനെക്കുറിച്ച് അവർ ഒടുവിലാണ് അറിഞ്ഞത്. ഉണ്ടാക്കിയ അസൗകര്യത്തിനും അസ്വസ്ഥതയ്ക്കും മാപ്പു ചോദിക്കുന്നു. സേതുവിന് നല്ല ഒരു വിവാഹം ഉണ്ടാകട്ടെ എന്നാശിക്കുന്നു. മറ്റൊരാലോചനയുമായി ഞാൻ അടുത്താഴ്ച എത്തുന്നതാണ്."

ഇളയമകൻ സേതുവിന്റെ കല്യാണം മാറിയിരിക്കുന്നു. മാധവപ്പണിക്കർ തരിച്ചുപോയി. അടുത്തുനിന്ന റബ്ബറിൽ ചാരി തലയ്ക്കു കൈയ്യുംകൊടുത്തു നിന്നു. വല്ല്യപ്പച്ഛൻ ജയിലിൽ പോയതുമൂലം കൊച്ചുമകൻ എം. എസ്. സി. പാസ്സായ സേതുവിന് പെണ്ണു കിട്ടുകയില്ല പോലും! നിരാശയും കോപവും കടിച്ചമർത്തിക്കൊണ്ട് പണിക്കർ അടുക്കളയിലേക്ക് പോയി. ഭാര്യ ജാനകിയെ വിവരം ധരിപ്പിച്ചു. സേതുവിനോട് സമാധാനത്തിൽ പറഞ്ഞാൽ മതിയെന്നും വേറേതോ കാരണവശാൽ വിവാഹം മാറിയെന്ന് അറിയിക്കണമെന്നും പറഞ്ഞൊത്തു.

1975 ജൂൺമാസത്തിലെ മഴയുള്ള ഒരു ദിവസം മലബാറിലെ ഒരു ജയിലിൽവച്ച് രാജേന്ദ്രപ്പണിക്കരെ പരിചയപ്പെടുവാനിടയായി. 65 വയസ്സ് പ്രായം വരും. ആരോഗ്യമുള്ള ശരീരം.

വനത്തിലെ തടിവെട്ടി വിറ്റു എന്നുള്ള കേസിൽ പ്രതിയായിട്ടാണ് അദ്ദേഹത്തെയും കൂട്ടരെയും കാണുന്നത്. "ഒരു ചെറിയ മനുഷ്യന്റെ നിഴൽ രാവിലെയും വൈകുന്നേരവും വളരെ നീളമുള്ളതായിരിക്കും. ഒരു ചെറിയ ജീവിതത്തിലെ പിശകുകളുടെ പ്രത്യാഘാതം വളരെ വലുതായിരിക്കും. നീണ്ടു നില്ക്കുന്നതായിരിക്കും. തലമുറകളെ ബാധിക്കുന്നതായിരിക്കും ചില ഭവിഷ്യത്തുകൾ. ഒരു മുറിവുണ്ടായാൽ പക്ഷേ ഒരു മാസത്തിനകം ഭേദമാകും. വേദന നീങ്ങും. എന്നാൽ പാട് ആയുസ്സിന്റെ അവസാനം വരെ കൂടെയുണ്ടായിരിക്കും. ജീവിതത്തിന്റെ ചുവടുകൾ ശ്രദ്ധിക്കൂ. തെറ്റിനെ ഓർത്ത് പശ്ചാത്തപിച്ച് ജീവിതം പുതുതാക്കുക". ആ ജയിലിൽ മുമ്പു കിടന്നവരെ സന്ദർശിക്കുന്ന സന്ദർഭത്തിൽ രാജേന്ദ്രകുറുപ്പ് എന്നോടു പറയുകയുണ്ടായി.

സാമ്പത്തികസൗകര്യവും വിദ്യാഭ്യാസ യോഗ്യതയും മണത്തറിഞ്ഞ് വിവാഹാലോചനയുമായിട്ടാണ് രാധയുടെ വീട്ടുകാർ ആ ഗ്രാമത്തിൽ വന്ന് ബസ്സിറങ്ങിയത്. ജോണിയുടെ ടാക്സിയിൽ അവർ രാമനിലയത്തുപോയി കാര്യങ്ങൾക്കെല്ലാം ഒരു തീരുമാനമുണ്ടാക്കി മടങ്ങി. ഒരു നല്ല കമ്മീഷൻ ശരിയായി എന്നോർത്ത് ബ്രോക്കർ കുറുപ്പ് സന്തുഷ്ടനായി. ബസ്സു കാത്തു നില്ക്കുമ്പോൾ നാട്ടുകാർ പലരും നവാഗതരെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവിടെനിന്നും ബസ്സു കയറിയ ഒരു മനുഷ്യസ്നേഹിയാണ് കല്യാണം മുടക്കിന് ബീജാവാപം ചെയ്തത്.

"കുഴപ്പമൊന്നുമില്ല, നല്ല തറവാട്ടുകാരാ, യോഗ്യൻ കൊച്ചൻ. വിദ്യാഭ്യാസവും യോഗ്യതയും പണവും എല്ലാം ഉണ്ട്. പക്ഷേ.."

'അതെന്താ പക്ഷേ എന്നു പറഞ്ഞത്?" രാധയുടെ അമ്മാവന്റെ ജിജ്ഞാസ വാക്കുകളായി.

''പറയുന്നത് ശരിയല്ലെങ്കിൽ, ഒരു പെണ്ണിന്റെ ഭാവിയെക്കരുതി പറയാം. എന്നെ തെറ്റിദ്ധരിക്കരുത്. കൊച്ചന്റെ വല്ല്യേച്ഛൻ 6 മാസം ജയിൽശിക്ഷ അനുഭവിച്ചയാളാണ്."

രാജേന്ദ്രപ്പണിക്കരുടെ കേസും ശിക്ഷയും കഴിഞ്ഞു വർഷങ്ങളായി എങ്കിലും അക്കാര്യത്തിൽ നിരപരാധിയായ സേതുവും പിഴയടക്കേണ്ടിവന്നു. സേതു വേറെ വിവാഹം കഴിച്ചു എന്നു രാജപ്പനും ലളിതയും കുവൈറ്റിൽ വച്ച് എന്നോടു പറഞ്ഞു. ഞങ്ങളുടെ ജയിലിലെ പ്രവർത്തനങ്ങളെ ഇടയ്ക്കെല്ലാം സാമ്പത്തികമായി സഹായിക്കുന്ന ഒരു മറുനാടൻ മലയാളി കുടുംബമാണിത്. ഞാൻ കുവൈറ്റ് സന്ദർശിക്കുമ്പോൾ ഒരു ദിവസം അവരോടൊത്ത് താമസിക്കുകയുണ്ടായി.

പ്രിയ വായനക്കാരാ, സേതുവിന്റെ കല്യാണം മാറിപ്പോയതും വേറെ വിവാഹം നടന്നതും അല്ല ഇവിടെ പ്രതിപാദ്യം. നമ്മുടെ ജീവിതത്തിലെ ഓരോ ചുവടുവയ്പും ഓരോ പ്രവൃത്തിയും നമ്മെയും നമ്മുടെ ഭാവിയെയും അടുത്ത തലമുറയെയും എങ്ങനെ ബാധിക്കുന്നു എന്ന് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. ഓരോ പ്രവർത്തനത്തിനും ഒരു പ്രതിപ്രവർത്തനമുണ്ട്. (For every action there is an equal and opposite reaction) മോഷണക്കേസിൽ ജയിലിൽക്കിടക്കുന്ന ഒരാളുടെ മകനെ, 'കള്ളന്റെ മകനെ"ന്നു വിളിക്കുന്നു. സമൂഹം അവനെ സംശയിക്കുന്നു. കൂട്ടുകാരന്റെ പെൻസിലുപോലും മോഷ്ടിക്കാതിരുന്നാലും അവനത് ചെയ്യുവാൻ സാദ്ധ്യതയുണ്ടെന്ന് വിധിയെഴുതും. വേശ്യാസ്ത്രീയുടെ മകളെ ''അവൾ ആരുടെ മകളാണെന്നു നമുക്കറിയരുതോ" എന്ന് എത്രവേഗം വിധി പ്രസ്താവിക്കും. അവസരങ്ങളുടെ മുമ്പിൽ അവർ അവഗണിക്കപ്പെടുന്നു.

ജീവിതത്തിന്റെ ചുവടുകളെ സൂക്ഷിക്കൂ. രണ്ടു ശക്തികളിലൊന്ന് മനുഷ്യനെ നിയന്ത്രിക്കുന്നു, നടത്തുന്നു. ഒന്നു സാത്താൻ. അവൻ നമ്മുടെ ശത്രുവാണ്. നമ്മെ നശിപ്പിക്കുക എന്നതാണ് അവന്റെ ലക്ഷ്യം. സകലപാപത്തി

ന്റെയും വിത്ത് അവന്റെ പക്കലുണ്ട്. അവന്റെ കുടുക്കുകളും കെണിയും നമ്മെ വീഴിക്കും. അത് മദ്യഷാപ്പിലേക്ക് നടത്തും. ജയിലിലെത്തിക്കും. വേശ്യാലയത്തിലാക്കും. ദുഃസ്വഭാവങ്ങൾക്ക് അടിമയാക്കും. നിത്യദുഃഖത്തിലാക്കും. നിത്യനാശത്തിലും നിത്യനരകത്തിലും എത്തിക്കും. അതിന് പ്രത്യേകാൽ ഒന്നും ചെയ്യേണ്ടതില്ല. ഇന്നു പോകുന്നതുപോലെ പോയാൽമതി. വീതിയും വിശാലവുമായ വഴിയെ പൊയ്ക്കൊൾക.

മനുഷ്യനെ സ്നേഹിക്കുന്ന ദൈവം നിത്യനാശത്തിൽ നിന്ന് നിത്യജീവങ്കലേക്ക് അവനെ വിളിക്കുന്നു. നമ്മുടെ സമാധാനവും സന്തോഷവും അനുഗ്രഹവുമാണ് ദൈവത്തിന്റെ ദാനം. അത് ക്രിസ്തുവിന്റെ ബലിമരണത്താൽ മനുഷ്യവർഗ്ഗത്തിന് ദാനം ചെയ്തിരിക്കുന്നു. മനുഷ്യനുമായി ബന്ധപ്പെടുവാനാഗ്രഹിക്കുന്ന ദൈവം അതിനായി ഒരുക്കിയിരിക്കുന്ന പാലമത്രേ ക്രൂശ്. സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന കോവണിയാണ് കാൽവറിയിലെ ക്രൂശ്. പാപം വരുത്തിയ നഗ്നതയെ മറയ്ക്കുവാൻ അങ്കിനെയ്ത നെയ്ത്തുശാലയാണ് ക്രൂശ്. സ്വർഗ്ഗത്തിലേക്കുള്ള ഏക കവാടമാണ് യേശുക്രിസ്തു. ഒരു പടി ആ വാതിലിനുള്ളിലേക്ക് വയ്ക്കുക. പാപത്തെ ഓർത്ത് അനുതപിക്കുക. ദൈവപുത്രനായ ക്രിസ്തുവിൽ ശരണപ്പെടുക. ഇടുക്കവും ഞെരുക്കവുമുള്ള വഴിയിലൂടെ നടക്കുവാനാരംഭിക്കുക. നിത്യസ്വർഗ്ഗത്തിൽ അത് നിന്നെ എത്തിക്കും.

തെരഞ്ഞെടുപ്പു നിങ്ങളുടേതാണ്, വിലയേറിയതാണ്, ഭാവിതലമുറയെ ബാധിക്കുന്നതാണ്. ദാവീദ് രാജാവ് പറഞ്ഞതോർക്കുക:

"അവന്റെ വിശ്വസ്തത തലമുറയോളമുള്ളത്. ആയിരം തലമുറയോടവൻ വിശ്വസ്തത പാലിക്കും. ദൈവത്തെ സ്നേഹിക്കുന്നവന്റെ തലമുറ അനുഗ്രഹിക്കപ്പെടും."

❑

---

*10-ാം പേജിൽ നിന്നും തുടർച്ച (യേശുക്രിസ്തു സമാധാനദായകൻ)*

നിന്നും നീക്കുക എന്ന ലക്ഷ്യത്തോടേ അറബി രാഷ്ട്രങ്ങൾ അവരോടു അഞ്ചു യുദ്ധങ്ങൾ നടത്തിയതായി വായിക്കുകയുണ്ടായി. യെരുശലേം ഒഴികെയുള്ള ഏതു ഭാഗവും വിട്ടുകൊടുത്തു സമാധാനം സ്ഥാപിക്കാൻ ഒരുക്കമാണ് എന്ന് യിസ്രായേൽ പ്രധാന മന്ത്രി പറഞ്ഞതായി മാസികയിൽ വായിക്കുകയുണ്ടായി. എന്നാൽ തിരുവചനം വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് കർത്താവു തന്റെ കാന്തയുമായി മഹത്ത്വ പ്രത്യക്ഷതയിൽ ഭൂമിയിലേക്കു ഇറങ്ങി വരുമ്പോൾ ഒലിവുമലയിൽ കാലുകുത്തുമ്പോൾ അവർ കുത്തിയവങ്കലേക്കു നോക്കും. അപ്പോൾ അവരുടെ കണ്ണുതുറക്കും (സെഖര്യാ.13,14 അദ്ധ്യായങ്ങൾ വായിക്കുക). നമ്മുടെ കർത്താവ് മദ്ധ്യാകാശത്തിൽ നമ്മെ ചേർക്കുവാൻ സമയമായി. ലോകത്തിൽ സമാധാനം ഉണ്ടാകണമെങ്കിൽ നമ്മുടെ കർത്താവും രക്ഷിതാവുമായവൻ രാജാധിരാജാവും, കർത്താധി കർത്താവുമായി ഭൂമിയിൽവന്നു ഭരിക്കണം. എങ്കിൽ മാത്രം സമാധാനം ഉണ്ടാകും. ദൈവജനമേ നമ്മൾ എത്രയോ ഭാഗ്യവാന്മാർ ആണ്. ദൈവത്തിന്റെ സമാധാനം അനുഭവിക്കാൻ നമുക്കാണ് ഭാഗ്യം ലഭിച്ചത്. സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവൻ ശുദ്ധീകരിക്കുമാറാകട്ടെ (1തെസ്സ.5:23) ലോകത്തിന്റെ സ്രഷ്ടാവും, പാപികളുടെ രക്ഷിതാവും, വിശുദ്ധന്മാരുടെ പ്രത്യാശയും, കർത്താധികർത്താവുമായ ക്രിസ്തുയേശു ജഡാവതാരമെടുത്തു ലോകത്തിൽ വന്നത് പാപത്തിന്റെ ബന്ധനത്തിൽ കുരുങ്ങിക്കിടക്കുന്നവർക്ക് സ്വാതന്ത്ര്യം നല്കുന്നതിനു വേണ്ടിയാണ്. ക്രൂശിൽ മരിച്ച ക്രിസ്തുവിൽ വിശ്വസിക്ക. യേശുക്രിസ്തു നമ്മുടെ സമാധാനദായകൻ.

❑

# നാം സംതൃപ്തരാണോ?

ജോർജ് ജോൺ, തിരുവനന്തപുരം



**പൗ**ലൊസ് അപ്പൊസ്തലൻ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ സംതൃപ്തിക്ക് ഒരു നിർവ്വചനം കൊടുത്തിട്ടുണ്ട്. "ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിക്കുക" എന്നുള്ളതത്രേ അത്. "അലംഭാവം" എന്ന വാക്ക് ചിലപ്പോൾ നിഷേധാത്മകമായ രീതിയിൽ പ്രയോഗിച്ചുകാണാറുണ്ട്. ഒരു ജോലിക്കാരൻ ആത്മാർത്ഥമായി ജോലി ചെയ്യുന്നതിനുപകരം "ഇത്രയുമൊക്കെ മതി" എന്നു ചിന്തിച്ചാൽ അത് ഒരു തരം അലംഭാവം ആണെന്നു തോന്നാം. എന്നാൽ പൗലൊസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് ആ അർത്ഥത്തിലല്ല, പ്രത്യുത സംതൃപ്തിയുടേതായ വാക്കുകൾ തന്നെയാണ് ആ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നത്.

മനുഷ്യജീവിതം ആഗ്രഹങ്ങൾകൊണ്ട് നിറഞ്ഞതാണ്. ബാല്യം മുതൽ നാം അനേക കാര്യങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ ഒട്ടുമുക്കാലും നിറവേറ്റുന്നതിന് നമ്മുടെ മാതാപിതാക്കൾക്ക് സാധിച്ചെന്നു വരികയില്ല. ബാല്യകാലത്ത് നമുക്കുണ്ടായിരുന്ന പല ആഗ്രഹങ്ങളും നാം വളർന്നു വലുതാകുമ്പോൾ നല്ല ജോലിയും അതിനു തക്കശമ്പളവും കിട്ടുമ്പോൾ സാധിച്ചുകൊള്ളാം എന്നു വിചാരിച്ച് മനസ്സിന്റെ ഒരു കോണിലേക്ക് മാറ്റിവച്ചിട്ടുണ്ടായിരിക്കാം. എന്നാൽ നാം വളരുന്തോറും പുതിയ പുതിയ ആഗ്രഹങ്ങളുണ്ടാവുകയും പഴയ ആഗ്രഹങ്ങൾ പലതും അപ്രസക്തമായിത്തീരുകയും ചെയ്യുന്നു. ആഗ്രഹിക്കുന്നത് പലതും സാധിച്ചെന്നും സാധിച്ചില്ലെന്നും വരാം. പക്ഷെ ആഗ്രഹങ്ങൾ അവസാനിക്കുന്നില്ല. വീണ്ടും പലതും ആശിച്ചും ആഗ്രഹിച്ചും നമ്മുടെ ജീവിതം മുന്നോട്ടുപോകുന്നു. ആഗ്രഹങ്ങളും പ്രതീക്ഷകളുമാണ് മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്ന് ഏതോ ഒരു മഹാൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. എല്ലാ ആഗ്രഹങ്ങളും മരണത്തോടുകൂടി അവസാനിക്കുന്നു.

"സംതൃപ്തി" എന്ന തലക്കെട്ടിൽ ഒരു പോസ്റ്റർ ഒരിക്കൽ കാണുന്നതിനിടയായി. വളരെ പ്രായം ചെന്ന് ചുക്കിച്ചുളിഞ്ഞ മുഖത്തോടുകൂടിയ ഒരു സ്ത്രീ ഒരു കുപ്പത്തൊട്ടിയുടെ അരികിൽ നിലത്തിരിക്കുന്നു. അവിടെ കുന്നുകൂടിക്കിടക്കുന്ന ഭക്ഷ്യാവശിഷ്ടങ്ങൾക്കിടയിലേക്ക് ആരോ വലിച്ചെറിഞ്ഞ ഒരു ഭക്ഷണപ്പൊതി തപ്പിയെടുത്തത് അവളുടെ മടിയിൽ തുറന്നു വച്ചിരിക്കുന്നു. ആ മുഖത്തുകാണുന്നതോ തികഞ്ഞ സംതൃപ്തിയുടേതായ പുഞ്ചിരി.

ഇന്ന് സാധാരണക്കാരുടെ ഇടയിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് സാമ്പത്തിക മാന്ദ്യവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിത ചെലവുകളും. കഴിഞ്ഞ അമ്പതു വർഷങ്ങൾക്കുള്ളിൽ ശമ്പളനിരക്കുകൾ അഞ്ഞൂറു മുതൽ ആയിരം മടങ്ങ് വരെ വർദ്ധിച്ചിട്ടുണ്ട്. ജീവിതച്ചെലവുകളും അതിനനുസരിച്ച് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. എല്ലാ മേഖലകളിലും എത്രമാത്രം ശമ്പളം കൂട്ടിക്കൊടുത്താലും ജീവനക്കാർ അസംതൃപ്തരാണ്. വർദ്ധിച്ചു വരുന്ന ജീവിത ച്ചെലവുകളെ വർദ്ധിപ്പിച്ച വേതനം കൊണ്ട് നേരിടാൻ ശ്രമിക്കുന്നത്, "ഒരു നായ് സ്വന്തം വാലിനെ പിടിക്കുന്നതിന് ശ്രമിക്കുന്നതുപോലെയാണ്, ഈ അവസ്ഥ", ഭ്രമണം അവസാനിക്കാത്ത ഒരു "വിഷമവൃത്തം" തന്നെയാണ്.

അസംതൃപ്തിയുളവാക്കുന്ന അനവധി കാര്യങ്ങൾ വേറെയുമുണ്ട്. കമ്പോളങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നൂതനവും വിസ്മയകരവുമായ സാധനസാമഗ്രികൾ, ചുറ്റുപാടും ഉയരുന്ന അംബരചുംബികളായ രമ്യഹർമ്മ്യങ്ങൾ,

കേവലം ദരിദ്രനാരായണന്മാരായി ജീവിച്ചിരുന്നവരുടെ വീട്ടുമുറ്റങ്ങളിൽ കാണപ്പെടുന്ന വാഹനവ്യൂഹം, നിസ്സാരമായ രോഗങ്ങൾക്കു പോലും ആശുപത്രികൾ ചുമത്തുന്ന ദുർവ്വഹമായ ചികിത്സാച്ചെലവുകൾ, സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം പിടിച്ചു നില്ക്കുന്നതിനു വേണ്ടി അനുവർത്തിക്കേണ്ടിവരുന്ന അനുഷ്ഠാനങ്ങൾ എന്നുവേണ്ടാ മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കുന്ന എത്രയോ കാര്യങ്ങൾ!

ചുറ്റുപാടും ഒന്നു കണ്ണോടിക്കുക. അസംതൃപ്തിയുടെ പരക്കം പാച്ചിലല്ലേ നാം കാണുന്നത്? റിട്ടയർമെന്റ് പ്രായം വരെ മാന്യമായ ജോലി ചെയ്ത് ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റിയവർ പിറ്റേദിവസം മുതൽ പ്രൈവറ്റ് സ്ഥാപനങ്ങളിൽ കൂടുതൽ ശുഷ്കാന്തിയോടും സമയക്ലിപ്തതയോടുംകൂടെ പണിയെടുക്കുന്നതിനു നെട്ടോട്ടം ഓടുന്നു. ചിലർ ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയ്ക്ക് പോകുന്നതിനുപോലും മുതിരാതെ, കിട്ടുന്ന "ഓവർടൈം" എല്ലാം വാങ്ങി "പ്രയോജന' പ്പെടുത്തുന്നു. പണസമ്പാദനത്തിനുള്ള ഈ ആർത്തി തീരാത്തിടത്തോളംകാലം 'സംതൃപ്തി' എന്ന വാക്കിന്റെ അർത്ഥംപോലും മനസ്സിലാക്കാൻ സാധിക്കയില്ല.

മേല്പറഞ്ഞതിന്റെ അർത്ഥം നമ്മൾ ജോലിചെയ്ത് ഉപജീവനം തേടേണ്ട ആവശ്യമില്ലെന്നോ, റിട്ടയർമെന്റിനുശേഷം വേറെ ജോലിയിലേർപ്പെടുന്നത് തെറ്റാണെന്നോ അല്ല. പ്രത്യുത, നമ്മുടെ ഭൗമികമായ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റുന്നതിനുള്ള വ്യഗ്രതയിൽ നമ്മുടെ കടമകളും കർത്തവ്യങ്ങളും വിസ്മരിക്കയും പണസമ്പാദനം ഏകലക്ഷ്യമായി പരിണമിക്കയും ചെയ്യരുതെന്നാണ് വിവക്ഷിക്കുന്നത്.

സീനിയർ സിറ്റിസൺസ് കൂടിവരുന്ന സ്ഥലങ്ങളിലൊക്കെ ചർച്ച ചെയ്യപ്പെടുന്ന വേറൊരു വിഷയമുണ്ട്. മക്കൾ ദൂരസ്ഥലങ്ങളിൽ ജോലി പ്രമാണിച്ച് കുടുംബമായി താമസിക്കുന്നു. "ഓണത്തിനും ചക്രാന്തിക്കും" മാത്രമാണ് നാട്ടിൽ വരുന്നത്. പ്രായം കൂടുമ്പോൾ അസുഖങ്ങൾ പിടിപെടാനുള്ള സാധ്യതകൾ വർദ്ധിക്കുന്നു. തങ്ങൾ കിടപ്പിലായിപ്പോയാൽ ആര് നോക്കും? ഇപ്പോൾ തന്നെ വയ്യാ. കൊള്ളാവുന്ന വൃദ്ധസദനങ്ങളോ സംരക്ഷണകേന്ദ്രങ്ങളോ എവിടാണുള്ളത്? നമുക്കു കിട്ടുന്ന പെൻഷൻ കൊണ്ട് പിടിച്ചു നില്ക്കാൻ സാധിക്കുമോ? വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിക്കുന്തോറും ഇതൊരു ഗൗരവമേറിയ പ്രശ്നമായി രൂപംകൊള്ളുകയാണ്.

സംതൃപ്തമായ ഒരു ജീവിതം കൈവരിക്കുന്നതിന് എന്തെങ്കിലും "ഒറ്റമൂലികൾ" ഉണ്ടോ? വിശുദ്ധ വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം അപഗ്രഥിക്കുന്നത് അഭിലഷണീയമായിരിക്കും. മത്തായിയുടെ സുവിശേഷം 6:31,33 വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. "ആകയാൽ നാം എന്തുതിന്നും എന്തുകുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്"; "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കുകിട്ടും''. മേല്പറഞ്ഞ വചനങ്ങൾ കർത്താവായ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞ വാക്കുകളാണ്.

വിശ്വാസികളായ നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു വലിയ സത്യമുണ്ട്. നമുക്കും നമ്മുടെ കുടുംബാംഗങ്ങൾക്കും മാന്യമായി ജീവിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി നാം നമ്മാലാവോളം പരിശ്രമിക്കേണ്ടതാണ്. എന്നാൽ ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കാതെ കൃത്യമായി വേർതിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മൾ ചെയ്യുന്ന പരിശ്രമങ്ങളൊക്കെയും കർത്താവിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടും അവിടുത്തെ ഹിതത്തിനു വിധേയമായും ആയിരിക്കേണ്ടതാണ്. നമ്മുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് നമ്മെക്കാൾ നന്നായി സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് അറിയുന്നു. പലപ്പോഴും നമ്മൾ ആഗ്രഹിച്ചതെല്ലാം കിട്ടിയെന്നുവരികയില്ല. പക്ഷെ നമ്മുടെ ആവശ്യങ്ങൾ എല്ലാം നിവർത്തിക്കപ്പെട്ടിരിക്കും - നമ്മൾ ആഗ്രഹിച്ചതിനേക്കാൾ മെച്ചമായ രീതിയിൽ, ആയതിനാൽ പ്രിയ ദൈവജനമേ, "സകലചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക". അങ്ങനെ സംതൃപ്തിയോടുകൂടിയ ഒരു ജീവിതം കൈവരിക്കുന്നതിന് ദൈവം നാം ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ. ❑

# തബീഥാ (Dorcas)

യോഹന്നാൻ എബ്രഹാം, തിരുവനന്തപുരം



**യോപ്പ** എന്ന തുറമുഖപട്ടണം അക്കാലത്തു ആ ഭാഗത്തുള്ള ഒരു മേജർ തുറമുഖമായിരുന്നു. യെരുശലേമിന്ന് വടക്കു പടിഞ്ഞാറു മാറി മെഡിറ്ററേനിയിലാണ് ഈ തുറമുഖപട്ടണം സ്ഥിതി ചെയ്തിരുന്നത്. യെരുശലേമിൽ നിന്നും മുപ്പതു മൈൽ അകലേയാണ് ഈ പട്ടണം സ്ഥിതി ചെയ്തിരുന്നത്. ഇവിടെയാണ് തബീഥാ എന്ന കഥാകാരി ജീവിച്ചിരുന്നത്. തബീഥാ എന്നത് എബ്രായ ഭാഷയിലുള്ള പേരാണ്. ഡോർകാസ് എന്നത് ഗ്രീക്കു രൂപത്തിലുള്ള പേരാണ്. യോപ്പാ പട്ടണത്തിൽ ജീവിച്ചിരുന്ന ക്രിസ്തുഭക്തയായ ഒരു വനിതയായിരുന്നു തബീഥ. അവൾ തനിയേ ജീവിച്ചിരുന്നതിനാൽ അവിവാഹിതയായിരുന്നുവെന്ന് കരുതാവുന്നതാണ്. യോപ്പയിലുള്ള മിക്കവരും തബീഥായെ അറിയുമായിരുന്നു. തുണി തുന്നി കൊടുക്കുന്നതിൽ വളരെ വിദഗ്ധയായിരുന്നു തബീഥ. തുണിതയ്യൽ ആദായമാർഗ്ഗമായി കണ്ടിരുന്നവളല്ല. ഇവൾ താൻ തുന്നുന്ന തുണിയിൽ അധികവും ദരിദ്രരായവർക്ക് ദാനമായി നല്കുന്നത് ഇവരുടെ ഒരു സ്വഭാവമായിരുന്നു. നല്ല മരത്തിൽ നിന്നും നല്ല ഫലങ്ങൾ ഉണ്ടാകുന്നതുപോലെ തബീഥ എന്ന വ്യക്തിയും അന്വർത്ഥയായിരുന്നു.

ജനിച്ച എല്ലാ മനുഷ്യരും അഭിമുഖീകരിക്കേണ്ട ഒരു പ്രതിഭാസമാണ് മരണം. എന്നാൽ അത് എപ്പോൾ എവിടെവച്ച് നടക്കുമെന്ന് ആർക്കും അറിയുകയില്ല. തബീഥയും പെട്ടെന്ന് മരിച്ചു. ധാരാളം ആളുകൾ വിധവകളും സ്ത്രീകളും അവിടെ വന്ന് കരഞ്ഞ് ദുഃഖം രേഖപ്പെടുത്തി. അന്ന് പത്രൊസ് ലുദ്ദയിൽ പാർക്കുകയായിരുന്നു. യോപ്പയ്ക്ക് ഏറ്റം സമീപമുള്ള സ്ഥലം; സഹോദരന്മാർ ആളയച്ച് പത്രൊസിനെ യോപ്പയിലേക്ക് വരുത്തി. അപ്പൊസ്തല പ്രവൃത്തി 9:32 മുതൽ 43 വരെയുള്ള വാകൃങ്ങളിൽ തബീഥയുടെ കഥ രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ ഇടയിൽ സാധാരണ മരണശേഷം ശവസംസ്ക്കാര ശുശ്രൂഷ നടത്താറുണ്ട്. അതിൽ ശ്രദ്ധേയമായ ഒരു ഭാഗം അനുസ്മരണമാണ്. മൃതപ്രായനായ വ്യക്തിയേക്കുറിച്ചാണ് അനുസ്മരിക്കുന്നത്. അവർ മരിച്ചിരിക്കുകയാൽ അനുസ്മരിക്കുന്നവർ പറയുന്നത് അവർ കേൾക്കുന്നില്ല. അനുസ്മരിക്കുമ്പോൾ സത്യമോ മിഥ്യയോ എന്ന് നോക്കാതെ കുറെനേരം അങ്ങു തട്ടിവിടും. ഉള്ളതും ഇല്ലാത്തതും ആവശ്യമുള്ളതും, ഇല്ലാത്തതും പറഞ്ഞ് സമയം കളയുന്നത് ചിലർക്ക് ഒരു ഹരമാണ്. എന്നാൽ തബീഥയെക്കുറിച്ച് ധാരാളം നല്ല കാര്യങ്ങൾ പറയുവാനും പറഞ്ഞ് കരയുവാനും കൂടി വന്നവർക്ക് കഴിഞ്ഞിരുന്നു.

യോപ്പയുടെ സമീപത്തുള്ള ലുദ്ദയിൽ താമസിച്ചിരുന്ന പത്രൊസ് അപ്പൊസ്തലനെ വിവരം അറിയിക്കാൻ ചിലർ പോയി. അവർ പത്രൊസുമായി യോപ്പയിൽ തബീഥയുടെ ഭവനത്തിൽ വന്നു. തബീഥയുടെ മൃതശരീരം കുളിപ്പിച്ചു വസ്ത്രംധരിപ്പിച്ച് മാളികമുറിയിൽ കിടത്തിയിരുന്നു. പത്രൊസ് അവിടെ ചെല്ലുമ്പോൾ ധാരാളം നാട്ടുകാർ തബീഥയുടെ സൽപ്രവൃത്തികളെ പ്രകീർത്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. പത്രൊസ് മാളിക മുറിയിലേക്ക് കയറി എല്ലാവരേയും പുറത്താക്കി. ധാരാളം സ്ത്രീകളും വിധവമാരും തബീഥയുടെ സൽപ്രവൃത്തികളെ പുകഴ്ത്തിപറഞ്ഞ്

ദുഃഖിച്ചുകൊണ്ടിരുന്നു. നാമും മരണം വഴിയായി ഈ ലോകംവിട്ടു കടന്നുപോകുമ്പോൾ നമ്മെക്കുറിച്ച് എന്തുപറയും എന്ന് ചിന്തിക്കുക. ജീവിച്ചിരിക്കുമ്പോൾ നല്ല ഒരു സാക്ഷ്യം പുലർത്തിയിരിക്കണം.

മനുഷ്യരക്ഷകനായി മന്നിൽ അവതരിച്ച മശീഹാതമ്പുരാൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഞാൻ വിശന്നവനായിരുന്നു നിങ്ങൾ എനിക്ക് ഭക്ഷിപ്പാൻ തന്നില്ല. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ വന്നു കണ്ടില്ല. ഞാൻ ക്ഷീണിതനായിരുന്നു നിങ്ങൾ എന്നെ ആശ്വസിപ്പിച്ചില്ല. കർത്താവേ ഞങ്ങൾ അങ്ങയെ രോഗിയായോ ക്ഷീണിതനായോ, വിശന്നവനായോ ഒരിക്കലും കണ്ടിട്ടില്ല. കർത്താവിനെ ഈ നിലയിൽ ഒന്നും കണ്ടിട്ടില്ല എന്ന് പറഞ്ഞപ്പോൾ കർത്താവ് പറഞ്ഞത് ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് എനിക്കു ചെയ്യുന്നതായി ഞാൻ പരിഗണിക്കുന്നതാണ്.

യഥാർത്ഥ ക്രിസ്തു ഭക്തർ കൊടുക്കുന്നവരാണ് വാങ്ങിക്കുന്നവരല്ല. തബീഥയുടെ മിഷനറി പ്രവർത്തനം തനിക്ക് ചുറ്റുപാടും ജീവിച്ചിരുന്ന പാവപ്പെട്ടവരുടെ മദ്ധ്യേയായിരുന്നു. അവൾ മരിച്ചപ്പോൾ അവൾ ചെയ്ത സൽപ്രവൃത്തികൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയാണ് ഉണ്ടായത്.

പത്രൊസ് ഭവനത്തിൽ വന്നു കൂടി നിന്നവരെ പുറത്താക്കി. താനും തബീഥയും മാത്രമുള്ളപ്പോൾ തബീഥയെ വിളിച്ചു അവൾ കണ്ണുതുറന്നു. പത്രൊസ് കൈ കൊടുത്തു അവളെ എഴുന്നേല്പിച്ചു പുറത്തു നില്ക്കുന്നവരുടെ മുമ്പിൽ കൊണ്ടുപോയി. മരിച്ച തബീഥയുടെ ജീവിച്ചസാക്ഷ്യം അവിടെ കൂടിയിരുന്നവരേ അത്ഭുതപ്പെടുത്തി. മനുഷ്യർ അതിക്രമങ്ങളിലും പാപത്തിലും മരിച്ചവരാണ്. പാപത്തിൽ മരിച്ചവർക്ക് ജീവനല്ല നിത്യജീവൻ നല്കാനാണ് ജീവനായകനായ യേശുക്രിസ്തു വന്നത്. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. വിശ്വസിക്കാത്തവനോ ജീവനെ കാണുകയില്ല. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നത് വിശ്വാസ്യവും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ.

യേശുകർത്താവ് ബേഥാന്യയിലെ മാർത്തയോട് പറഞ്ഞത് എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. നമുക്കുവേണ്ടി കാൽവരി ക്രൂശിൽ മരിച്ച കർത്താവ് മരണത്തെ ജയിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റവനാണ്. ത്രിയേക ദൈവത്തിന്റെ നാം പരിശുദ്ധമാകട്ടെ. ❑

## Quest -69 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. നിഥിൻ എം. എം. പാണൻവിള, തിരുവനന്തപുരം
2. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ
3. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
4. ജോളി അബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
5. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
6. ഓമനാ ജോൺ, പോങ്ങുംമൂട്, തിരുവനന്തപുരം
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
8. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
9. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
10. ഏലിയാമ്മ ജേക്കബ്, മാൽക്കപുരം, വിശാഖപട്ടണം
11. മേഴ്സി രാജൻ ബാബു, കരിയം, തിരുവനന്തപുരം
12. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
13. ബിന്ദു സി. എസ്. വഞ്ചിയൂർ, തിരുവനന്തപുരം

Quest 69-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

-ക്വിസ് മാസ്റ്റർ

# ദൈവസഭയുടെ സാദൃശ്യങ്ങൾ

## (CHURCH SIMILITUDES)*(തുടർച്ച)*

എം. എം. ആൻഡ്രൂസ്, തിരുവനന്തപുരം



**സങ്കീർത്തനം 22.**

ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്ന നല്ല ഇടയനായ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും ഏറ്റവും നല്ല ചിത്രീകരണമാണ് ഈ സങ്കീർത്തനം. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തു? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നില്ക്കുന്നതെന്തു?" എന്ന ചോദ്യത്തോടെയാണ് ഈ സങ്കീർത്തനം ആരംഭിക്കുന്നത്. ക്രൂശിലെ ഏഴു മൊഴികളിൽ ഒന്നായി കർത്താവു പറഞ്ഞ അതേ വാക്കുകൾ ദാവീദ് ഇവിടെ രേഖപ്പെടുത്തുന്നു. തുടർന്ന് "ഞാനോ മനുഷ്യനല്ല ഒരു കൃമിയത്രെ" എന്നു പറയത്തക്കവണ്ണം കർത്താവിന്റെ താഴ്ച്ചയെക്കുറിച്ച് പറയുന്നു. കാളകൾ, കാട്ടുപോത്ത്, സിംഹം, നായ്ക്കൾ തുടങ്ങിയ ഘോരമൃഗങ്ങളുടെ നടുവിൽ അകപ്പെട്ടുപോയ ഒരു കുഞ്ഞാടിനെപ്പോലെ കർത്താവ് മഹാപുരോഹിതന്മാരുടെയും, ശാസ്ത്രിമാരുടെയും, റോമൻ സൈന്യത്തിന്റെയും, പുറജാതികളുടെയും, യിസ്രായേൽ ജനത്തിന്റെയും ഘോരാട്ടഹാസങ്ങൾക്കും, ക്രൂരമർദ്ദനങ്ങൾക്കും വിധേയനായി നില്ക്കുന്ന രംഗം ദാവീദ് വളരെ ഹൃദയസ്പർശകമായി വിവരിക്കുന്നത് ഏതൊരുവന്റെ കരളലിയിക്കുന്ന കാഴ്ചകളാണ്. "അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു", "എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി ചീട്ടിടുന്നു''. തുടങ്ങിയവയെല്ലാം ക്രൂശുമരണത്തിന്റെയും തുടർന്നുള്ള സംഭവങ്ങളുടെയും ദൃക്സാക്ഷി വിവരണംപോലെ എഴുതിയിരിക്കുന്നു. ഈ സങ്കീർത്തനം മുഴുവനും ആടുകൾക്കുവേണ്ടി സ്വന്തജീവനെക്കൊടുക്കുന്ന നല്ല ഇടയനായ കർത്താവിനെ പ്രവചനദൃഷ്ട്യാ കണ്ടുകൊണ്ട് ദാവീദ് രചിച്ചതാണ്.

**സങ്കീർത്തനം 23.**

അതിമനോഹരമായ ഒരു സങ്കീർത്തനമാണ് ഇത്. ഇതിനെ സങ്കീർത്തനങ്ങളുടെ വാനമ്പാടിപ്പക്ഷി (Lark) എന്ന് സ്പർജൻ വിളിക്കുന്നു. മറ്റു ചിലർ ഇതിനെ സങ്കീർത്തനങ്ങളുടെ രാപ്പാടിപ്പക്ഷി (Nightingale) എന്നു വിളിക്കുന്നു. ഇത് സങ്കീർത്തനങ്ങളുടെ റാണിയാണ് എന്നാണ് മിക്ക വേദപഠിതാക്കളും വിശേഷിപ്പിക്കുന്നത്. പ്രയാസങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ ഈ സങ്കീർത്തനം വായിച്ച് ആശ്വാസം പ്രാപിച്ച അനേകരുടെ സാക്ഷ്യങ്ങൾ നാം കേട്ടിട്ടുണ്ട്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ജനത്തെ ഈ മരുഭൂമി യാത്രയിൽ വഴി നടത്തുന്നതാണ് ഈ സങ്കീർത്തനത്തിൽ നാം കാണുന്നത്. ദാവീദു പറയുന്നു "യഹോവ എന്റെ ഇടയനാകുന്നു". ഒരു ഇടയൻ ആടുകൾക്കു ആവശ്യമായ ആഹാരവും ജലവും സംരക്ഷണവും നല്കി പരിപാലിക്കുന്നതുപോലെ കർത്താവു തന്റെ ജനത്തിന്റെ എല്ലാ ആവശ്യങ്ങളിലും മുട്ടുകൂടാതെ നടത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല എന്നു മാത്രമല്ല ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട് എന്നു കർത്താവു അരുളിച്ചെയ്തു. അവിടുന്ന് നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവാണ്. ശിഷ്യനായ പത്രൊസ് പറയുന്നു "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" (1പത്രൊസ് 5:7). കർത്താവു തന്നെ പറയുന്നു ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്ന

വരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും " (മത്തായി 11:28). "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു" (യോഹ.10:27). കർത്താവിന്റെ ശാന്തമായ ശബ്ദം കേട്ട് ദിനംതോറും നാം അവനെ അനുഗമിക്കുന്നു. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും എന്ന് ആനന്ദത്തോടെ പറയുവാൻ തക്കവണ്ണം മഹത്ത്വത്തിലേക്ക് ചേർക്കും വരെ വലിയ ഇടയനായ കർത്താവ് നമ്മെ വലങ്കൈയ്ക്കു പിടിച്ചിരിക്കുന്നു. എല്ലാ ഇടയന്മാരേക്കാളും വലിയവനായ ഇടയനെയാണ് 23-ാം സങ്കീർത്തനത്തിൽ നാം കാണുന്നത്.

**സങ്കീർത്തനം 24.**

കർത്താവിന്റെ മഹത്ത്വപ്രത്യക്ഷത പ്രവചനദൃഷ്ട്യാ കണ്ടുകൊണ്ടു ദാവീദു എഴുതിയതാണ് ഈ സങ്കീർത്തനം. "വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്ത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ. മഹത്ത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്ത്വത്തിന്റെ രാജാവു" (സങ്കീ.24:9,10). നമ്മുടെ കർത്താവ് മഹത്ത്വത്തിന്റെ രാജാവായി വരും. അവൻ രാജാധി രാജാവും കർത്താധി കർത്താവുമായി ആയിരമാണ്ടു ഭൂമിയിൽ വാഴും. നാമും അവനോടുകൂടി വാഴും എന്നുള്ള മനോഹരമായ പ്രത്യാശ തന്നിരിക്കയാൽ ദൈവത്തെ സ്തുതിക്കാം. മറ്റു ഇടയന്മാർക്കൊന്നും ഇല്ലാത്ത ശ്രേഷ്ഠത തന്റെ ഗുരുവായ ക്രിസ്തുവിൽ കണ്ടുകൊണ്ടു പത്രൊസ് അവനെ ശ്രേഷ്ഠ ഇടയൻ എന്നു വിളിക്കുന്നു. ദാവീദും അതേ ശ്രേഷ്ഠത ദർശിച്ചുകൊണ്ടാണ് ഈ സങ്കീർത്തനം രചിച്ചിരിക്കുന്നത്. നമ്മെ ചേർക്കുവാൻ വീണ്ടും വരുന്ന കർത്താവിന് സകല സ്തുതിയും അർപ്പിക്കാം.

ഈ മൂന്നു സങ്കീർത്തനങ്ങളും കർത്താവിന്റെ മരണത്തോടും മഹത്ത്വ പ്രത്യക്ഷതയോടും ബന്ധപ്പെട്ട മലകളും താഴ്‌വരയുമായി സാമ്യപ്പെടുത്തിയും നമുക്കു പഠിക്കാവുന്നതാണ്. 22-ാം സങ്കീർത്തനം കർത്താവിനെ ക്രൂശിച്ച ഗോൽഗോഥാ മലയോടും 24-ാം സങ്കീർത്തനം കർത്താവു മഹത്ത്വത്തിന്റെ രാജാവായി പ്രത്യക്ഷപ്പെടുന്ന ഒലിവു മലയോടും 23-ാം സങ്കീർത്തനം ഈ രണ്ടു മലകൾക്കിടയിലുള്ള താഴ്‌വരയായും ചിത്രീകരിക്കാവുന്നതാണ്. ഗോൽഗോഥാ മലയിൽ ക്രൂശുമരണം സഹിച്ച നല്ല ഇടയനായ കർത്താവു മദ്ധ്യാകാശത്തിൽ വെളിപ്പെട്ടു തന്റെ സഭയെ ചേർക്കുന്നതുവരെയുള്ള കാലഘട്ടം സഭാകാലയളവ് എന്ന് അറിയപ്പെടുന്നു. ഈ കാലയളവിൽ 23-ാം സങ്കീർത്തനത്തിൽ കാണുന്ന വലിയ ഇടയനെപ്പോലെ കർത്താവ് സഭയെ വഴി നടത്തുകയും താമസംവിനാ കാന്തയായ സഭയുമൊരുമിച്ച് ശ്രേഷ്ഠ ഇടയനായി ഒലിവു മലയിൽ സകല മഹത്ത്വത്തോടുംകൂടി പ്രത്യക്ഷനായി രാജാധിരാജാവും കർത്താധികർത്താവുമായി വാഴുകയും ചെയ്യും. ദൈവസഭയെ സംബന്ധിച്ചിടത്തോളം ഗോൽഗോഥാ മലയിൽ ക്രൂശുമരണം സഹിച്ച നല്ല ഇടയനായ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചശേഷം, ഉയിർത്തെഴുന്നേറ്റ വലിയ ഇടയനായ കർത്താവിനോടുകൂടി 23-ാം സങ്കീർത്തനമാകുന്ന താഴ്‌വരയിലൂടെ മരുഭൂപ്രയാണയാത്ര തുടരുകയും, ശ്രേഷ്ഠ ഇടയനായ കർത്താവിനോടുകൂടി മഹത്ത്വപ്രത്യക്ഷതയിൽ ഒലിവു മലയിൽ കാണപ്പെടുകയും ചെയ്യുന്ന മനോഹരമായ വിശ്വസജീവിതമാണ് ഈ സങ്കീർത്തനങ്ങളിൽ നാം ദർശിക്കുന്നത്. ഈ നല്ല ഇടയനും, വലിയ ഇടയനും, ശ്രേഷ്ഠ ഇടയനുമായ കർത്താവിനോടൊരുമിച്ച് യുഗായുഗങ്ങളായി വസിക്കാമെന്നുള്ള വലിയ പ്രത്യാശ നമുക്ക് നല്കിയിരിക്കുന്ന കർത്താവിനെ മഹത്ത്വപ്പെടുത്താം. കർത്താവിന്റെ വരവിനായി നമുക്ക് ഒരുങ്ങാം. അതുവരെയും, കർത്താവു നമ്മെ ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷകൾ ഏറ്റവും വിശ്വസ്തതയോടെ നിർവ്വഹിച്ച് അവനോടൊരുമിച്ച് ജീവിതാന്ത്യം വരെയും യാത്ര തുടരുവാനുള്ള കൃപ കർത്താവു നല്കുമാറാകട്ടെ. സകല സ്തുതിയും മഹത്ത്വവും അവന്റെ പാദപീഠത്തിൽ അർപ്പിച്ചുകൊള്ളുന്നു.

❑

# നമ്മുടെ പൗരത്വമോ

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**പൗ**രത്വ വിഷയങ്ങൾ ദേശീയ ദിനപ്പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും അനുസ്യൂതം സുപ്രധാനവാർത്തയായി ഇടം പിടിച്ചുകൊണ്ടിരിക്കുന്ന കലുഷിത സാഹചര്യത്തിൽ 'നമ്മുടെ പൗരത്വം' എന്ന വിഷയത്തിനുള്ള പ്രസക്തി വാഗതീതമാണ്. ബഹുസഹസ്രങ്ങൾ ഇന്ത്യൻ  പൗരത്വം എങ്ങനെ ലഭ്യമാകുമെന്നു തലപുകഞ്ഞാലോചിക്കുമ്പോൾ ഏതെങ്കിലുമൊരു പാശ്ചാത്യരാജ്യത്തെ പൗരത്വം നേടിയെടുക്കാനുള്ള നെട്ടോട്ടത്തിലാണു നിരവധി ഇന്ത്യൻ പൗരന്മാർ. ഒരു പ്രത്യേക വികസിതരാജ്യത്തെ പൗരത്വം നേടുകയെന്നതാണ് ചിലരുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമെന്നു തോന്നിപ്പോകുന്നു. ഒരു വിദേശരാജ്യത്തിലെ പൗരത്വത്തിനു യോഗ്യതയുണ്ടായിരുന്ന എന്റെ പ്രിയ പത്നിയുടെ വാക്കുകളാണ് ഇത്തരുണത്തിൽ ഓർമ്മയിലെത്തുന്നത്. "എനിക്കു ഇൻഡ്യൻ പൗരത്വവും സ്വർഗ്ഗീയപൗരത്വവും ഉണ്ട്. അവയിൽ കൂടുതലൊന്നും എനിക്കു ആവശ്യമില്ല." അതേ, ആ ധന്യജീവിതത്തിന്റെ ഉടമ ഇന്നു തന്റെ സ്വർഗ്ഗീയ പൗരത്വത്തിൽ ആനന്ദിക്കുന്നു.

*നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു.* (ഫിലിപ്പിയർ 3:20) മേല്പറഞ്ഞ വേദഭാഗം വിരചിച്ച അപ്പൊസ്തലനായ പൗലൊസ് ഒരു റോമാപൗരൻ ആയിരുന്നു. (അപ്പൊ.പ്രവൃത്തി 22:25–29). റോമിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ടാണ് ഫിലിപ്പിയർക്കുള്ള ലേഖനം എഴുതുന്നത്. പൗലൊസിനും ഫിലിപ്പിയർക്കുമെല്ലാം റോമൻ പൗരത്വം വിലയേറിയതായിരുന്നു. ഫിലിപ്പിയർ ഭൂമിശാസ്ത്രപരമായി റോമിൽ നിന്നും വിദൂരത്തിലായിരുന്നുവെങ്കിലും അവർ റോമാപൗരന്മാരായിരുന്നു. ഫിലിപ്പിയിൽ ജനിക്കുന്ന ഓരോ പൈതലിന്റെയും പേര് റോമിന്റെ സെൻസസിൽ ചേർത്തിരുന്നു. അഥവാ, അവൻ ജന്മനാ റോമാപൗരൻ ആയിരുന്നു. അപ്രകാരം യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടും ജനനം പ്രാപിക്കുന്ന വ്യക്തിയുടെയും പേര്, രക്ഷിക്കപ്പെടുന്ന അതേ മാത്രയിൽ (ജനിച്ചുവീഴുന്ന മാത്രയിൽ അല്ല പിന്നെയോ വീണ്ടും ജനനം പ്രാപിക്കുന്ന മാത്രയിൽ) ജീവപുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ജില്ലയിലെ ജനന രജിസ്റ്ററിന്റെയോ പള്ളിയിലെ രജിസ്റ്ററിന്റെയോ കോപ്പിയല്ല ജീവപുസ്തകം എന്ന വസ്തുത പ്രത്യേകം ഓർക്കുക. കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞ വാക്കുകൾ ഇത്തരുണത്തിൽ സ്മരണീയമാണ്. "നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിനാലത്രേ സന്തോഷിക്കുവിൻ'' (ലൂക്കൊ. 10:20). നമ്മുടെ കഴിവുകളിലോ നേട്ടങ്ങളിലോ നാം സന്തോഷിക്കയോ അഹങ്കരിക്കയോ ചെയ്യുകയല്ല വേണ്ടത്, പ്രത്യുത, നമ്മുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിനാലത്രേ നാം സന്തോഷിക്കേണ്ടത് എന്നാണു കർത്താവു ശിഷ്യന്മാരോടു പറയുന്നത്. നമ്മുടെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും നിസ്സീമമായ കടപ്പാട് നമുക്കുണ്ട് എന്നുള്ളത് നാം വിസ്മരിച്ചുകൂടാ.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ, ഈ ലോകത്തോടു പറ്റിച്ചേരാതെ പരലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടോടെ ജീവിക്കാനുള്ള ആഹ്വാനമാണ് പൗലൊസ് ഈ ഭാഗത്തു നമുക്കു നല്കുന്നത്, കാരണം നാം ഇവിടുത്തുകാരല്ല, പൗലൊസ് പറയുന്നത്, 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ' എന്നാണ്. അതേസമയം, നാമെല്ലാവരും ഇന്ത്യൻ പൗരന്മാരാണ്. അങ്ങനെയെങ്കിൽ കുറഞ്ഞത്

രണ്ടുതരം പൗരത്വം ഉണ്ടെന്നു നമുക്കു പറയാം. (ചുരുക്കം ചിലരാജ്യങ്ങൾ 'ഇരട്ടപൗരത്വം' അനുവദിക്കുന്നുമുണ്ട്. ഇതു വിശകലനം ചെയ്യുക നമ്മുടെ ലക്ഷ്യമല്ല.) ഒന്ന്, നാം ജനിച്ച രാജ്യത്തെ പൗരൻ അല്ലെങ്കിൽ, നാം കുടിയേറിയ രാജ്യത്തെ പൗരൻ. അതേസമയം ജന്മനായും കർമണായും പാപികളായ നാം പാപിയാണെന്ന ബോധ്യത്തോടെ അനുതപിച്ച് യേശുവിനെ രക്ഷകനായി കൈക്കൊണ്ട് ഓരോ ദൈവപൈതലും സ്വർഗ്ഗീയ പൗരനായി ത്തീരുന്നതാണ്. അപ്രകാരമാണ് ദൈവമക്കൾക്കു ഇരട്ടപൗരത്വമുണ്ടെന്നു വാദിക്കുന്നത്. ഇന്ത്യയിലെ പൗരന് ഈ രാജ്യത്തെ നിയമങ്ങൾ ബാധകമാണ്. അതിലും ഉപരിയായി സ്വർഗ്ഗീയപൗരൻ സ്വർഗ്ഗരാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥനാണ്. ഈ ലോകത്തോടുള്ള ബന്ധത്തിൽ നമ്മുടെ കടപ്പാടുകൾ പാലിക്കുവാൻ നാം ബദ്ധശ്രദ്ധരാണെങ്കിൽ അതിലുപരിയായി പരലോകത്തിലേതു പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഒരേ തുലാസിൽ ഒരിക്കലും രണ്ടിനേയും കാണരുത്.

ഇവിടെ നാം അന്യരും പരദേശികളുമാണ് എന്നു വി.പത്രൊസ് നമ്മെ ഓർമ്മിപ്പിക്കുന്നു.

"പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം" (1 പത്രൊസ് 2:11). അമേരിക്കയിൽ പണ്ടു താമസിക്കുവാൻ ചെന്നിരുന്നവർക്കു കൊടുത്തിരുന്ന അനുമതിക്കാർഡിന്റെ തലക്കെട്ട് Resident Alien അഥവാ "സ്ഥിരവാസിയായ അന്യഗ്രഹജീവി" എന്നായിരുന്നു. ഓരോ പ്രാവശ്യവും ആ കാർഡ് കാണുമ്പോൾ അവർ അവിടത്തെ പൗരന്മാരല്ലെന്നും വെറുതെ താമസിക്കുവാനും ജോലി ചെയ്യുവാനും അനുമതിയുള്ളവർ മാത്രമാണെന്നുമുള്ള വസ്തുത പ്രവാസിയെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അപ്രകാരം അപ്പൊസ്തലന്മാർ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ഈ ലോകത്തിന്റെ ഫാഷനുകൾ, ട്രെൻഡുകൾ, മനോഭാവങ്ങൾ എല്ലാം അതിവേഗത്തിൽ മാറുമ്പോൾ നാം ഓർക്കേണ്ടത് നാം ഇവിടുത്തുകാരല്ല എന്നുള്ള സത്യമാണ്.

എബ്രായലേഖനം 13:14 അനുസരിച്ച് ഇവിടെ നമുക്കു ശാശ്വതമായ ഒരു നഗരമില്ല. നാം പൗരന്മാർ എന്ന് അവകാശപ്പെട്ട ഇവിടെ നാം അന്യരും പരദേശികളും മാത്രം (aliens and pilgrims). ഇവിടെ നമുക്കുള്ളത് നിലനില്ക്കുന്ന നഗരമല്ലല്ലോ എന്നു എബ്രായലേഖനകാരൻ നമ്മെ ഓർമ്മിപ്പിക്കുന്നു. നാം ഈ ലോകത്തിൽ വെറും വഴിപോക്കരാണ്. പാട്ടുകാരൻ എഴുതിയിരിക്കുന്നതുപോലെ

"This world is not my home; I am just passing through" (ഈ ലോകം എന്റെ ഭവനമല്ല; ഞാൻ കേവലമൊരു യാത്രികൻ)

മേല്പറഞ്ഞ വസ്തുതകൾ മനസ്സിലാക്കുന്ന ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം നാം ഇന്ന് അധിവസിക്കുന്ന ഈ ഭൂമിയെക്കുറിച്ച് നമ്മുടെ കാഴ്ചപ്പാട് എന്തായിരിക്കണം?

**ഒന്നാമതായി,** നാം ഇവിടത്തുകാർ അല്ല എന്ന അവബോധം നമുക്ക് എല്ലായ്പ്പോഴും ഉണ്ടായിരിക്കണം. ഈ ലോകവും അതിന്റെ മോഹവും നമ്മെ കീഴ്പ്പെടുത്തരുത്. ഇവിടെ വേര് ആഴത്തിൽ ഊന്നിപ്പോയാൽ പിന്നെ ഇവിടം വിട്ടുപോകാൻ നാം ഒരിക്കലും ആഗ്രഹിക്കയില്ല. നമ്മുടെ ഭവനം, ബന്ധുമിത്രാദികൾ, ഭൗതിക നന്മകൾ എന്നുവേണ്ടാ ഒരുപാടുകാര്യങ്ങളുടെ കാന്തശക്തി നമ്മെ ഇവിടെ പിടിച്ചു നിർത്തുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

**രണ്ടാമതായി,** വി.പൗലൊസ് പറയുന്നത് നാം സ്വർഗ്ഗീയ പൗരന്മാർ ആണെന്നാണ്. ഒരു ബൈബിൾ പരിഭാഷയിൽ പറയുന്നത്, നമ്മുടെ രാജ്യം സ്വർഗ്ഗത്തിൽ എന്നാണ്. അഥവാ നമ്മുടെ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണ് എന്നു പറഞ്ഞാൽ ഇവിടുത്തെ പൗരത്വം വെറും താത്കാലികം മാത്രം!.

**മൂന്നാമതായി,** യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം നമ്മുടെ സ്വർഗ്ഗാരോഹണത്തിനു ഉറപ്പു നല്കുന്നു. അവൻ മരിച്ചിട്ട് ഉയിർത്തു സ്വർഗ്ഗാരോഹണം ചെയ്തില്ലായിരുന്നുവെങ്കിൽ നമുക്ക് സ്വർഗ്ഗം ലഭിക്കുമെന്നുള്ളതിനു

യാതൊരു ഉറപ്പും ഇല്ലായിരുന്നു. നമുക്കു ആ ഉറപ്പുള്ള സ്ഥിതിക്കു നാം ഉയരത്തിലുള്ളത് കാംക്ഷിക്കുന്നവർ ആയിരിക്കണം. പ്രവൃത്തി 7:55-ൽ സ്തെഫാനൊസ ്സ്വർഗ്ഗത്തിലേക്കു അതീവശ്രദ്ധയോടെ നോക്കിയപ്പോൾ കണ്ട കാഴ്ച ഓർക്കുക. സ്വർഗ്ഗം തുറന്നിരിക്കുന്നതും, മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതുമായ കാഴ്ച. ഉയരത്തിലേക്കു നോക്കിയാലേ ആ കാഴ്ച നമുക്കു കാണുവാൻ കഴിയുകയുള്ളൂ. ഈ ലോകത്തിൽ മാത്രം കണ്ണും നട്ടിരിക്കുന്നവർക്കു ആ കാഴ്ച കാണുവാൻ സാധ്യമല്ല. പ്രിയസ്നേഹിതാ, താങ്കളുടെ കണ്ണുകൾ എവിടേക്കാണു കേന്ദ്രീകരിച്ചിരിക്കുന്നത്? ഉയരത്തിലേക്കോ അതോ അധിക കാലവിളംബമെന്യേ അഗ്നിക്കിരയാകാൻ പോകുന്ന ഈ ഭൂമിയിലേക്കോ? ഇനിയും എന്താണു വെട്ടിപ്പിടിക്കേണ്ടതെന്ന വേവലാതിയാണോ കണ്ണുകളിൽ നിഴലിക്കുന്നത്? ജോൺ വെസ്ലിയെന്ന ദൈവദാസൻ പറഞ്ഞിരിക്കുന്നത് നമ്മുടെ പൗരത്വത്തോടൊപ്പം നമ്മുടെ ചിന്തകളും അഭിലാഷങ്ങളും എല്ലാം സ്വർഗ്ഗത്തോടു ബന്ധപ്പെട്ടതായിരിക്കണം എന്നാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരിക്കലെങ്കിലും നാം സ്വർഗ്ഗത്തെക്കുറിച്ചു ചിന്തിക്കാറുണ്ടോ?

നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഇരുപതാംവാക്യത്തിൽതന്നെ പൗലൊസ് പറയുന്നത്, സ്വർഗ്ഗത്തിൽ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായിവരും എന്നു നാം കാത്തിരിക്കുന്നു' എന്നാണ്. പൗലൊസ് കാത്തിരുന്നു. താങ്കളോ? അതുകൊണ്ടാണു പൗലൊസ് കൊലൊസ്യർ 3:1-2 വാക്യങ്ങളിൽ, നാം ഉയരത്തിലുള്ളതു അന്വേഷിക്കാൻ ഉദ്ബോധിപ്പിക്കുന്നത്. യേശുക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞു, "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു". (യോഹ.14:2,3) നമുക്കായി ഒരുക്കപ്പെടുന്ന പട്ടണത്തിൽ അവനോടൊത്തു പാർക്കുവാൻ നമുക്കു ഒരുങ്ങാം. ഈ ഭൂമിയിലെ ഭവനങ്ങൾ ഒന്നും ശാശ്വതമല്ല. നിത്യമായൊരു വാസസ്ഥലമാണ് സ്വർഗ്ഗം. സ്വർഗ്ഗീയപൗരത്വത്തിന്റെ വ്യവസ്ഥ ഒന്നു മാത്രം: താങ്കൾ ഒരു ദൈവപൈതലായിരിക്കണം. കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനും കർത്താവുമായി സ്വീകരിച്ച ഏവരുടെയും സ്വന്തസ്ഥലം അതാണ്.

പ്രിയസ്നേഹിതാ, താങ്കൾക്ക് സ്വർഗ്ഗീയ പൗരത്വം ഉണ്ടോ? അതായത്, താങ്കൾക്കതു സൗജന്യമായി ലഭിക്കാമെങ്കിലും യേശുക്രിസ്തുവിന്റെ ഏറ്റവും വിലയേറിയ രക്തമാണതിന്റെ വില. താങ്കൾ ഒരു പാപിയാണെന്ന പൂർണ്ണബോധ്യത്തോടെ അനുതപിച്ച്, ദൈവത്തോടു ഏറ്റുപറയുക. യേശുക്രിസ്തു താങ്കൾക്കായി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുക. യേശുക്രിസ്തുവിനു ജീവിതത്തിന്റെ കർത്തൃത്വം നല്കുക.

"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹ. 1:12). സ്വർഗ്ഗീയ പൗരന്മാരെ തന്നോടു ചേർക്കുവാൻ നമ്മുടെ കർത്താവു അനതിവിദൂരഭാവിയിൽ വരുമെന്നു 1 തെസ്സ. 4:16, 17 വാക്യങ്ങളിൽ നമുക്കു ഉറപ്പു നല്കുന്നു.

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.

*എന്റെ ദേശം ഇവിടല്ല ഇവിടെയോ പരദേശി*

*എന്റെ പൗരത്വമോ സ്വർഗ്ഗത്തിലും*

*എൻ ഭവനം എനിക്കു സ്വന്തമായി ലഭിക്കും*

*അവിടെ ഞാൻ പാർക്കും സ്ഥിരവാസിയാകും*

സ്വർഗ്ഗീയ പൗരത്വത്തിൽ കൂടുതലൊന്നും ജീവിതത്തിൽ ആവശ്യമില്ല എന്നു വിശ്വസിച്ച അന്നമ്മ ജോണിന്റെ ഒരു പ്രത്യാശാഗാനത്തിലെ ചിലവരികളാണ് മുകളിൽ ഉദ്ധരിച്ചത്. ഇതുസ്വർഗ്ഗത്തിൽ പൗരത്വം ഉള്ളവരുടെ കാര്യം. പ്രിയസ്നേഹിതാ, താങ്കളുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്നു ഉറപ്പുണ്ടോ? ഇല്ലെങ്കിൽ ഇന്നുതന്നെ ഉറപ്പു വരുത്തുക. അതിനായി ദൈവം താങ്കളെ സഹായിക്കട്ടെ.

❑

കവിത

# രണ്ടായിരത്തിലും

പാസ്റ്റർ എ.ജെ. ജോൺ, കൊഴുവല്ലൂർ



അരുമഗുരു യേശു താനരുളിയൊരു ദിനമാ-
ഗുരുതന്റെ ശിഷ്യരിൽ പ്രഥമനേ നോക്കി.
അരുതുവാൾ കൈകളിൽ ഉറയിലിട്ടീടുക
പൊരുതുവോൻ വാളിനാൽ തന്നെ നശിച്ചിടും.

വൈരിക്കുമുമ്പിലായ് നിന്നുകൊണ്ടാ ഗുരു
വൈരിയെ സ്നേഹിച്ചിടാൻ ശിഷ്യനോടോതി
വൈരിയുടെ വാളിന്നസ്സാദ്ധ്യമാം വൻജയം
വൈരിയും മിത്രമായ്ത്തീരുവാൻ ഹേതുവായ്

സ്നേഹമാണായുധം പൊരുതുവാന്നൂഴിയിൽ
ദാഹമുണ്ടാകണം നീതി പുലർന്നീടുവാൻ
മോഹമീലോകത്തിലെങ്കിലോ നിഷ്ഫലം
ഗഹനമായുള്ളതോ സ്വർഗ്ഗീയഗേഹമാം.

യൂദ നിരയണി നിരന്നാനിശയിൽ ധൈര്യമായ്
യൂദ ഗോത്രത്തിന്റെയായുവകേസരി;
യൂദരുടെ രാജനാം പരമഗുരുവാകിലും
യൂദയുടെ ചുംബനം ഒറ്റിക്കൊടുക്കലായ്.

ഗേഹം വെടിഞ്ഞു പുൽക്കൂട്ടിലെ തിരുപിറവി
അഹം വെടിഞ്ഞീടുവാനാഹ്വാനമായ്
ഇഹം പാപശാപത്താൽ നാശം ഭവിക്കുമാ-
ഊഹം തൻ ബലിമരണഹേതുവായ്ത്തീർന്നതും.

രണ്ടായിരത്താണ്ടുപിന്നിട്ടു പോകയായ്
രണ്ടാളുമിന്നും പിന്തുടരുന്നു ഗുരുവിനെ
രണ്ടാമനിന്നും ചുംബിക്കുന്നു വില്ക്കുന്നു.
രണ്ടായിരത്തിലും വാളോങ്ങിയപരനും.

വാളല്ലെൻ സമരായുധം പാടിയാച്ചെങ്കവി
വാളാലധികാരമെന്നു വിശ്വസിക്കിലും
വാളുവിറ്റൊരു വീണ വാങ്ങിയാ കവി മനം
വാളുവിലക്കിയാ ഗുരുവിനായ് പാടിയോ?

❑

# QUEST 70

(ഈ ലക്കം QUEST-70 ന്റെ ചോദ്യങ്ങൾ യെഹെസ്ക്കേൽ പ്രവചനം 21 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്)

1. സോർ രാജാവ് എവിടെയാണ് താമസിച്ചിരുന്നത്?
2. യഹോവ എങ്ങനെയാണ് ഏദോമിനോട് പ്രതികാരം നടത്തുന്നത്?
3. ഞാൻ നിന്നോടു കാര്യം തീർക്കുന്ന നാളിൽ നീ —— നില്ക്കുമോ?
4. ലെബാനോനിൽ ഭംഗിയുള്ള കൊമ്പുകളോടും തണലുള്ള ഇലകളോടും പൊക്കത്തിലുള്ള വളർച്ചയോടും കൂടിയ ഒരു ദേവദാരു ആയിരുന്നത് ആര്?
5. ഇരുവഴിത്തലെക്കൽ പ്രശ്നം നോക്കുവാൻ നില്ക്കുന്നു. ആരാണ് നില്ക്കുന്നത്?
6. യിസ്രായേലിൽ ശൂന്യമായിപോയിരുന്ന പട്ടണങ്ങൾ വിശുദ്ധ ആട്ടിൻകൂട്ടംപോലെ. ഇതിലെ ആട്ടിൻകൂട്ടം ആര്?
7. ഞാൻ മിസ്രയീമിന്റെ നുകം ഒടിച്ചു അവളുടെ ബലത്തിന്റെ പ്രതാപം ഇല്ലാതാക്കുമ്പോൾ —— ഇരുണ്ടുപോകും.
8. യിസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങൾക്കും അവകാശം വീതിക്കുമ്പോൾ യോസേഫിന് എത്ര പങ്കു ഉണ്ടായിരിക്കണം.
9. സെയീർ പർവ്വതത്തെ പാഴും ശൂന്യവുമാക്കും എന്ന് പറഞ്ഞത് ആര്?
10. പ്രവാസത്തിന്റെ 25-ാം ആണ്ടിൽ യിസ്രായേൽദേശത്തിന്റെ ഉയർന്ന പർവ്വതത്തിൽവച്ച് യഹോവ ദർശനത്തിൽ കാണിച്ചുകൊടുത്ത പുരുഷൻ കാഴ്ചയ്ക്ക് എപ്രകാരമായിരുന്നു?
11. യെഹെസ്ക്കേലിനെ പുറപ്പെടുവിച്ച് താഴ്വരുടെ നടുവിൽ നിറുത്തിയത് ആര്?
12. താനേ ചത്തതും പറിച്ചുകീറിപ്പോയതുമായ പക്ഷിയെയോ മൃഗത്തെയോ ഒന്നിനെയും തിന്നുവാൻ പാടില്ലാത്തത് ആർക്ക്?
13. ഗോഗിന് യിസ്രായേലിൽ വച്ച് ലഭിച്ച ശ്മശാനഭൂമി സ്ഥിതിചെയ്യുന്നത് ഏത് താഴ്വരയിൽ?
14. സോരിന്റെ കൊടിക്കായി വിചിത്രശണപടംകൊണ്ട് നിർമ്മിച്ച കപ്പൽപായ് എവിടെ നിന്നുള്ളതായിരുന്നു?
15. അതിക്രമം ചെയ്യുന്ന നാളിൽ അവന്റെ നീതി അവനെ രക്ഷിക്കയില്ലെന്ന് ആരെപ്പറ്റിയാണ് പറയുന്നത്?
16. മിസ്രയീമ്യരുടെ ജന്മദേശമേത്?
17. ദേശത്തെ അവകാശമായി ചീട്ടിട്ടു ഭാഗിക്കുമ്പോൾ യഹോവയ്ക്ക് എന്താണ് വഴിപാട് അർപ്പിക്കുന്നത്?
18. അതിവിശുദ്ധ സ്ഥലത്തിന്റെ നീളവും വീതിയും എത്ര?
19. "യഹോവ ശമ്മ" എന്ന വാക്കിന്റെ അർത്ഥം എന്ത്?
20. രാജാധിരാജാവായ നെബൂഖദ്നേസർ ഏത് രാജ്യത്തിലെ രാജാവാണ്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 70-ന്റെ** ഉത്തരങ്ങൾ റഫറൻസു സഹിതം **2020 ഏപ്രിൽ 20 നു** മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## Quest 69 ന്റെ ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ശൂന്യപ്രദേശങ്ങളിലെ കുറുക്കന്മാരോട് | യെഹെ. 13:4 |
| 2. | ഊസ്ദേശത്ത് | വിലാപ. 4:21 |
| 3. | യിസ്രായേൽ ദേശത്ത് | യെഹെ. 18:2 |
| 4. | നോഹ, ദാനിയേൽ, ഇയ്യോബ് | യെഹെ. 14:14 |
| 5. | യഹോവയായ കർത്താവ് | യെഹെ. 20:33 |
| 6. | പെലത്യാവ് | യെഹെ. 11:13 |
| 7. | വിലാപം | യെഹെ. 3:25 |
| 8. | യഥാമാതാതഥാപുത്രീ | യെഹെ. 16:44 |
| 9. | യിസ്രായേൽ ഗൃഹം | യെഹെ. 12:27 |
| 10. | മനുഷ്യസാദൃശ്യത്തിലുള്ള രൂപം | യെഹെ. 8:1,2 |
| 11. | കെരൂബുകളുടെ തലയ്ക്കുമീതെ ഉണ്ടായിരുന്ന വിതാനത്തിന് മേൽ | യെഹ. 10:1 |
| 12. | 390 (മുന്നൂറ്റിതൊണ്ണൂറു) ദിവസം | യെഹെ. 4:5 |
| 13. | യെരുശലേം | വിലാ. 2:15 |
| 14. | ക്ഷൗരക്കത്തി | യെഹെ. 5:1 |
| 15. | സാഹസം | യെഹെ. 7:11 |
| 16. | കഠിനപാപം | വിലാ. 1:8 |
| 17. | തേൽ-ആബീബിൽ | യെഹെ. 3:15 |
| 18. | യിസ്രായേൽമക്കൾ | യെഹെ. 2:3 |
| 19. | കെബാർ നദീതീരത്തുവച്ച് | യെഹെ. 1:3 |
| 20. | സീയോൻ പർവ്വതം | വിലാ. 5:18 |

## ഒരു ക്രിസ്തീയ വനിതയുടെ പെരുമാറ്റം എങ്ങനെയായിരിക്കണം?

1. **"ആകയാൽ മകളേ, ഭയപ്പെടേണ്ടാ, നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരാം; നീ ഉത്തമ സ്ത്രീ എന്നു എന്റെ ജനമായ പട്ടണക്കാർക്കു എല്ലാവർക്കും അറിയാം" (രൂത്ത് 3:11).**

❖ ദൈവിക സ്വഭാവവും ഒരു ഉത്തമ സ്ത്രീയുടെ ഗുണഗണങ്ങളും ചേർന്ന സൽപ്പേര് എനിക്കുണ്ടോ?

❖ എന്റെ ഹൃദയത്തെയും, ചിന്തയെയും, പ്രവൃത്തികളെയും ദുഷിപ്പിക്കാൻ സാധ്യതയുള്ള എല്ലാ സ്വാധീനങ്ങളിൽ നിന്നും ഞാൻ എന്നെത്തന്നെ നിർമ്മലമായി കാത്തുസൂക്ഷിക്കുന്നുവോ?

2. **"അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു; ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്" (സദൃശവാക്യങ്ങൾ 31:26).**

❖ ദയയും ബുദ്ധിയുമുള്ള വാക്കുകളിലൂടെ എന്റെ കുടുംബത്തെയും, സ്നേഹിതരെയും പരിചയക്കാരെയും ഞാൻ അനുഗ്രഹിക്കുന്നുണ്ടോ?

❖ ബുദ്ധിയുള്ള വാക്കുകൾ സംസാരിക്കുന്നതെങ്ങനെയെന്നറിയുന്നതിനായി ഞാൻ ദൈവവചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നുണ്ടോ?

❖ ജനങ്ങളുടെ ജീവിതത്തെയും ആവശ്യങ്ങളെയും സ്പർശിക്കുന്ന പ്രത്യേക വേദഭാഗങ്ങളിലേക്ക് ഞാൻ അവരുടെ ശ്രദ്ധ തിരിക്കാറുണ്ടോ?

3. **"ദീർഘക്ഷാന്തികൊണ്ടു ന്യായാധിപനു സമ്മതം വരുന്നു; മൃദുവായുള്ള നാവു അസ്ഥിയെ നുറുക്കുന്നു" (സദൃശവാക്യങ്ങൾ 25:15).**

❖ സമ്മർദ്ദങ്ങൾക്കും, അടിക്കടിയുള്ള കുറ്റപ്പെടുത്തലുകൾക്കും പകരം തെറ്റുകൾ ചെയ്യുന്നുവെന്ന് എനിക്കു തോന്നുന്ന അധികാരികളുടെ ഹൃദയത്തിന് ദൈവം മാറ്റം വരുത്തുന്നതുവരെ ഞാൻ ശാന്തതയോടെ കാത്തിരിക്കുവാൻ തത്പരയാണോ?

❖ പരുഷമായ വാക്കുകളിലൂടെ മറ്റുള്ളവരെ ഭരിക്കുന്നതിനും ഭീഷണിപ്പെടുത്തുന്നതിനു പകരം ശാന്തതയുള്ള വാക്കുകളാൽ അവരെ സ്വാധീനിക്കുന്നതിനു ഞാൻ ശ്രദ്ധിക്കാറുണ്ടോ?

4. **"സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടുംകൂടെ പഠിക്കട്ടെ?" (1 തിമൊ. 2:11).**

❖ പഠിക്കുന്നതിനു താത്പര്യമുള്ള വ്യക്തിയാണോ ഞാൻ?

❖ സൗമ്യതയുടെയും അനുസരണത്തിന്റെയും ആത്മാവിനാൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന വ്യക്തിയാണോ ഞാൻ?

5. **"ശണ്ഠയും ദുശ്ശീലവുമുള്ള സ്ത്രീയോടുകൂടെ പാർക്കുന്നതിലും നിർജ്ജനപ്രദേശത്തുപോയി പാർക്കുന്നതു നല്ലതു" (സദൃശവാക്യങ്ങൾ 21:19).**

❖ എന്നോടൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ജീവിതം സുഗമമാക്കുന്നതാണോ എന്റെ സവിശേഷത?

❖ കോപത്തിന്റെയോ, വാഗ്വാദത്തിന്റെയോ ആത്മാവു നിമിത്തം ഞാൻ മറ്റുള്ളവരെ വിഷാദഭരിതരാക്കുകയോ എന്നിൽ നിന്നും അകന്നു ജീവിക്കുവാൻ ഇടവരുത്തുകയോ ചെയ്യുന്നുണ്ടോ?

(കടപ്പാട്: Nancy Leigh DeMoss ന്റെ Biblical Portrait of Womanhood; Discovering and living out God's plan for our lives എന്ന പുസ്തകത്തിൽ നിന്നും എടുത്തത്)

# GOOD NEWS MINISTRIES

**AKKULAM ROAD, TRIVANDRUM 695 011**

- **BIBLE CORRESPONDENCE COURSES** (ENGLISH)
- **Diploma in Biblical Studies.**
- **Good News does not charge any course or material fees.**
- **Typically, students take 2 years to finish this distance education programme. However, it can be finished in one year also.**

## GOOD NEWS AUDIO




**111**
Devotional songs
composed by
**Smt. Annamma Charles John**




Good News Ministries Audio presents Annamma C. John's $9^{th}$ CD volume, *Jesus, My Helper,* $10^{th}$ CD volume, Lord of Calvary and the $11^{th}$ CD volume, Compassionate Lord. Annamma C. John, co-founder and former Director of Good News produced 11 volumes of Christ-centered and theologically sound Christian music. Songs in the $9^{th}$' $10^{th}$ and $11^{th}$ volumes were composed during fiery personal trials. These songs, though penned in the valley of suffering, take us to the Beautiful Mountain, Christ Himself. Shri R. Noble and Shri Johnly Charles provide upbeat and pleasant melodies and orchestrate the 10 songs on each volume. All of them are sung by those who know Christ personally as their Lord and Savior. And that's our hope and dream for you.

For copies of the English Correspondence courses, Good News Audio CDs and the song book, Punaragamana Geethangal, please contact:

The Director, Good News, Akkulam Road, Trivandrum - 695 011
Ph.**0471-244-8079** I chasjohn@gnmindia.org


**Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**